**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 31

24.6.2008 - ൽ മറുപടിക്ക്

## " ആത്മീയതയുടെ പേരിലുള്ള കുറ്റകൃത്യങ്ങൾ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>ശ്രീ. എം. എം. മോനായി :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീമതി. കെ. എസ്. സലീഖ :<br>ശ്രീ. വി. ജെ. തങ്കപ്പൻ : | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>ആഭ്യന്തരവും വിനോദ<br>സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) ആത്മീയതയുടെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും പേരിൽ കുറ്റ കൃത്യങ്ങളും കുംഭകോണങ്ങളും നടത്തു ന്നവരെ സംബന്ധിച്ച് പുറത്തുവന്നിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരി ച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) ഇത്തരക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇവരുടെ അന്താരാഷ്ട്ര ബന്ധങ്ങളും ഇവർക്ക് വിദേശത്തുനിന്നും ലഭിക്കുന്ന ഫണ്ടുകളും സംബന്ധിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) ഈ വിഷയത്തിൽ അന്വേഷണം നടത്തേണ്ടത് കേന്ദ്രസർക്കാരാണ്. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതാണ്. |
| (സി) ആത്മീയതയുടെ മറവിൽ കുറ്റകൃത്യങ്ങൾ നടത്തിവന്ന എത്രപേർക്കെതിരെ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ; | (സി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) വ്യാജ ആത്മീയത തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (ഡി) ആത്മീയതയുടെ പേരിൽ ഏതെങ്കിലും തട്ടിപ്പ്, വെട്ടിപ്പ്, വശീകരണം, ചൂഷണം മുതലായ ക്രിമിനൽ പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യുക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

[illegible]

ഉത്തരം (എ) & (ബി) [illegible]ആത്മീയതയുടെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും പേരിൽ ചില വ്യക്തികൾ ചില കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. [illegible] അത്തരം പ്രവർത്തനങ്ങൾക്കും / കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കും എതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്തരത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(I)

കൊച്ചിസിറ്റിയിൽ, സ്വാമി അമൃതചൈതന്യ എന്നുവിളിയ്ക്കുന്ന സന്തോഷ് മാധവൻ എന്നയാൾക്കെതിരെ താഴെപറയുന്ന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. എറണാകുളം ടൗൺ നോർത്ത് പോലീസ്സ്റ്റേഷൻ ക്രൈം. നം. 666/08 U/s 406 IPC ആയി ശാന്തിതീരം ട്രസ്റ്റിന് വേണ്ടി ശേഖരിച്ച പണം ദുരുപയോഗം ചെയ്തുവെന്ന ആരോപണത്തിൽ മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു.

(2) എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ ക്രൈം. നം. 897/08 U/s 420 IPC ആയി പ്രവാസിമലയാളിയായ സെറഫിൻ എഡ്വിൻ എന്ന വ്യക്തിയിൽ നിന്നും 40 ലക്ഷത്തോളം രൂപ വഞ്ചന നടത്തി തട്ടിയെടുത്തുവെന്ന ആരോപണത്തിൽ കേസ് രജിസ്റ്റർചെയ്ത് അന്വേഷിച്ചു വരുന്നു.

മുകളിൽപറഞ്ഞ രണ്ട് കേസ്സുകളും സി.ബി. സി.ഐ.ഡി. ഹെഡ്ക്വാർട്ടേഴ്സ് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

(3) കടവന്ത്ര PS Crime 433/08 U/s Wild Life Protection Act.2,9 and 39, Kerala Forest Act. 27 and 52, NDPS Act 20 (b) II (A)

(4) കടവന്ത്ര PS Crime 441/08 U/s 366 (A) 376 and 34 IPC.

(5) കടവന്ത്ര PS Crime 454/08, U/s 342, 366 (A), 376 and 34 IPC.

(6) കടവന്ത്ര PS Crime 455/08 U/s 366 (A), 376 and 34 IPC.

(7) കടവന്ത്ര PS Crime 456/08,U/s 366 (A), 342,366,376 and 34 IPC.

(II) എറണാകുളം റൂറൽ പോലീസ് സൂപ്രണ്ടിന്റെ അധികാരപരിധിയിൽ ആത്മീയതയുടെ മറവിൽ കുറ്റകൃത്യങ്ങൾ നടത്തുന്നതായി പരാതി ലഭിച്ച മൂന്ന്പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

1. ആലുവ താലൂക്ക് ചൊവ്വരദേശത്തെ യൂസഫ് സുൽത്താൻ എന്നയാൾക്കെതിരെ ആലുവ പോലീസ് സ്റ്റേഷൻ ക്രൈം. 1248/08 U/s, 406,420,506(1) IPC. പ്രകാരം കേസെടുത്ത് അന്വേഷണം നടത്തി വരുന്നു.

2. ഞാറയ്ക്കൽ നായരമ്പലം ചന്ദ്രിക @ ചന്ദ്രമ്മ, ശാന്തിക്കാരൻ വത്സൻ എന്നിവർക്കെതിരെ ഞാറയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം. 445/08 U/s 420,506 (1) 34.IPC പ്രകാരം കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു.

3. ആലുവപോലീസ് സ്റ്റേഷൻ അതിർത്തിയിൽ ജന സേവ ശിശുഭവൻ എന്ന സ്ഥാപനത്തിന്റെ ഭാരവാഹികളായ ജോസ് മാവേലി ( President ) ജോബി തോമസ് ( Vice President ) സ്വാതികുമാർ ( General Secretary ) റോസി ജോസ് (Truestt) എന്നിവർക്കെതിരെ അനധികൃതമായി സ്വത്ത്സമ്പാദിച്ചുവെന്നും നിയമലംഘനം നടത്തുന്നുവെന്നുംമുള്ള പരാതിയിൻമേൽ അന്വേഷണം നടത്തി വരുന്നു.

(III) തിരുവനന്തപുരം ജില്ലയിൽ കഠിനംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചിറ്റാറ്റ്മുക്ക് എന്ന സ്ഥലത്ത് സേക്രട്ട് ഹാർട്ട് സ്നേഹാലയം എന്ന മാനസികരോഗികളെ പാർപ്പിച്ചിരുന്ന സ്ഥാപനത്തിൽ അനാശാസ്യ പ്രവർത്തനം നടത്തിയതിന് ടി സ്ഥാപനം നടത്തിയിരുന്ന സിസ്റ്റർ ഗ്ളാഡിസിനെയും 4 പുരുഷൻമാരെയും ഒരു സ്ത്രീയെയും അറസ്റ്റ് ചെയ്യുകയും അവർക്കെതിരെ കഠിനംകുളം പോലീസ് ക്രൈം.നം.137/07 U/s 3,4,6 (b),6 and 7of I T P Act പ്രകാരം കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണംനടത്തി പ്രതിയുടെപേരിൽ കുറ്റപത്രം കോടതിയിൽ ഫയൽചെയ്തിട്ടുണ്ട്.

(IV) പത്തനംതിട്ട ജില്ലയിൽ ബിഷപ്പ് കെ.പി. യോഹന്നാന്റെ നിയന്ത്രണത്തിലുള്ള ബിലീവേഴ്സ് ചർച്ച്, ഗോസ്പൽ ഫോർ ഏഷ്യാ, ആത്മീയ യാത്രാ ശാന്തി, എന്നി ട്രസ്റ്റുകളുടെ പ്രവർത്തനങ്ങളെകുറിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും വിശദമായ അന്വേഷണം. കേന്ദ്രഏജൻസി നടത്തണമെന്നും വസ്തു ഇടപാടുകളെകുറിച്ച് റവന്യൂവകുപ്പ് അന്വേഷണം നടത്തണമെന്നും റിപ്പോർട്ട് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ട്.

(V) കോഴിക്കോട് റൂറൽ ജില്ലയിൽ ടി കുറ്റകൃത്യങ്ങളുടെ പേരിൽ 4 പേർക്കെതിരെ 3 കേസ് രജിസ്റ്റർചെയ്ത് അന്വേഷണംനടത്തുന്നുണ്ട്.

1. പേരാമ്പ്രപോലീസ് സ്റ്റേഷൻ അതിർത്തിയിൽ പുത്തൻപുരയിൽ അബ്ദുൾകരിം മുസ്ളിയാർ, അബ്ദുൾ മജീദ് S/o അഹമ്മദ്പോളവയൽവീട്, വട്ടോളി എന്നിവർക്കെതിരെ പേരാമ്പ്ര ക്രൈം.നം. 349/08 U/s 420,468,r/w 34 IPC പ്രകാരം കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

2. വ്യാജചികിത്സനടത്തിയിരുന്ന പയ്യോളി പോലീസ് സ്റ്റേഷന് സമീപത്തുള്ള മധുസ്വാമി എന്നയാൾക്കെതിരെ പയ്യോളി PS Crime No. 271/01 U/s 420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

3. മേപ്പയ്യൂർ PS അതിർത്തിയിൽ നടുവിലക്കണ്ടി പാത്തു എന്ന സ്ത്രീക്കെതിരെ മേപ്പയ്യൂർ PS Crime No. 78/08 U/s 102 CrPC പ്രകാരം കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

(V1) കൊല്ലം ജില്ലയിൽ രണ്ട്പേർക്കെതിരെ മൂന്ന് കേസുകൾ രജിസ്റ്റർചെയ്ത് അന്വേഷണം നടത്തി വരുന്നു.

1. കൊല്ലം ജില്ലയിൽ കൊട്ടിയം PS അതിർ ത്തിയിൽ അമ്മതായെ എന്നറിയപ്പെടുന്ന സ്ത്രീക്കെതിരെ കൊട്ടിയം PS Crime No.484/08 U/s 420 IPC പ്രകാരവം 474 U/s 294 (b) 506 (ii), 420 IPC പ്രകാരവും രണ്ട് കേസുകൾ എടുത്ത് അന്വേഷണം നടത്തിവരുന്നു.

2. ഏഴുകോൺ PS അതിർത്തിയിൽ മാത്തിൽ പാട്ട് മാതാപ്രസന്നയ്ക്കെതിരെ ഏഴുകോൺ PS Crime No.277/08 U/s 420 IPC പ്രകാരം കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നു.

(VII) തൃശ്ശൂർജില്ലയിൽ പുതുക്കാട് PS അതിർത്തിയിൽ ദിവ്യജ്യോഷി, ജ്യോഷി എന്നിവർക്കെതിരെ പുതുക്കാട് PS Crime No.281/08 U/s 420, 294 (b),506 (2), 34 IPC പ്രകാരവും ബാബു @ ഗുരുബാബാനന്ദ സ്വാമി, മിനി (ബാബുവിന്റെ സഹായി ) എന്നിവർക്കെതിരെ വാരാന്തപ്പിള്ളി PS Crime No. 119/08 U/s 420, 465, 463, 471,207,34 IPC പ്രകാരം കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

(VIII) പാലക്കാട് ജില്ലയിൽ രണ്ട്സ്ഥാപനങ്ങളിൽ പരിശോധനനടത്തിയിട്ടുണ്ട്.

1. പാലക്കാട് ജില്ലയിൽ മുതലമട എന്ന സ്ഥലത്ത് സുനിൽദാസ് എന്നയാൾ നടത്തിവരുന്നതായ സ്നേഹം ചാരിറ്റബിൾ എന്ന സ്ഥാപനത്തിന്റെ കണക്കുകൾ പരിശോധിച്ച്വരുന്നുണ്ട്.

2.ശ്രീകൃഷ്ണപുരത്ത് മുരളികൃഷ്ണ സ്വാമി യുടെ ശരവണഭവമഠം എന്ന സ്ഥാപനത്തിൽ പരിശോധന നടത്തിയിട്ടുണ്ട്. കുറ്റകരമായ ഒന്നും ശ്രദ്ധയിൽ വന്നിട്ടില്ല:

(IX) കോട്ടയം ജില്ലയിൽ രണ്ട്സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്.

1. കോട്ടയം ജില്ലയിൽ തൃക്കൊടിത്താനം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ Dr. രവിമാസ്റ്റർ എന്നയാൾ നടത്തിവന്നിരുന്ന ബ്രഹ്മധർമ്മാലയം എന്ന പ്രാർത്ഥ നാലയം 23.05.08. ൽ പരിശോധിച്ചതിൽ നിയമ വിരു ദ്ധമായ ഒന്നും കാണപ്പെട്ടിട്ടില്ല.

3. കോട്ടയം 'വെസ്റ്റ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ Dr. മാത്യുകുരുവിള ( തങ്കു പാസ്റ്റർ ) നടത്തിവന്നിരുന്ന ' സ്വർഗ്ഗീയ വിരുന്ന് ' എന്ന പ്രാർത്ഥാനലയം 24.05.08. ൽ പരിശോധിച്ചതിൽ നിയമവിരുദ്ധമായൊന്നും കാണപ്പെട്ടിട്ടില്ല.

ജോയിന്റ് സെക്രട്ടറി

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 32 — 24-06-2008- ൽ മറുപടിയ്ക്ക്

## വേനൽമഴമൂലം കാർഷികരംഗത്തുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. എം. ചന്ദ്രൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ വേനൽമഴമൂലം കാർഷിക രംഗത്തുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) 2008 മാർച്ച് മാസത്തിലെ വേനൽ മഴ 30370 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചു. 1.5 ലക്ഷം മെട്രിക് ടൺ നെല്ലിന് വിവിധ തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചതു വഴി നെൽ കൃഷി മേഖലയിൽ 151.76 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.<br>കുരുമുളക്, കാപ്പി, കശുമാവ്, കമുക്, റബ്ബർ, വാഴ, പച്ചക്കറികൾ, മരച്ചീനി, പയർവർഗ്ഗങ്ങൾ തുടങ്ങി ഒട്ടുമിക്ക വിളകളേയും വേനൽ മഴ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിലെ കാർഷിക മേഖലയിൽ മൊത്തം 133041 ഹെക്ടർ സ്ഥലത്ത് 363.39 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പ്രകൃതി ക്ഷോഭദുരിതാശ്വാസ നിധിയുടെ മാനദണ്ഡപ്രകാരം കാർഷിക മേഖലയിലുണ്ടായ നഷ്ടം 7692.82 ലക്ഷം രൂപയാണ്. നാശനഷ്ടങ്ങളുടെ ജില്ലതിരിച്ചും, വിളകൾ തിരിച്ചും ഉള്ള കണക്കുകൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കാർഷിക ദുരന്തത്തിൽ കർഷകരെ സഹായിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (ബി) | നിലവിലുള്ള മാനദണ്ഡങ്ങൾ മറികടന്ന് കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ 25 കോടി രൂപ അനുവദിച്ചു. ഈ തുക ഉപയോഗപ്പെടുത്തി അൻപത് ശതമാനത്തിലധികം നെൽകൃഷി നഷ്ടപ്പെട്ടവർക്ക് അത് പൂർണ്ണ നഷ്ടമായി കണക്കാക്കി ഹെക്ടറൊന്നിന് 10,000 രൂപ നഷ്ടപരിഹാരമായി നൽകി. നെൽകൃഷി ഭാഗികമായി നഷ്ടം സംഭവിച്ച കർഷകർക്ക് നെല്ലിന് മെട്രിക് ടൺ ഒന്നിന് 2,200 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകി. കൂടാതെ വേനൽ മഴയെ ത്തുടർന്ന് മില്ലുകൾ സംഭരിച്ച ഭക്ഷ്യയോഗ്യമല്ലാത്ത അരി ലഭിക്കുന്ന നെല്ല് മില്ലുടമകൾ കിലോഗ്രാമിന് 6 രൂപ നിരക്കിൽ കർഷകരിൽ നിന്നും വാങ്ങുന്നതിനും ബാക്കിത്തുകയായ കിലോഗ്രാമിന് 4 രൂപ നിരക്കിൽ സർക്കാർ കർഷകർക്ക് നല്കുന്നതിനും നടപടി സ്വീകരിച്ചു. കൂടാതെ മറ്റു വിളകൾക്കും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും അനുബന്ധം 2-ൽ ചേർത്തിരിക്കുന്ന വിധത്തിൽ ധനസഹായം നൽകി വരുന്നു.<br><br>കൃഷി വകുപ്പിൽ ലഭ്യമായതും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്നതുമായ 50-ഓളം കൊയ്ത്തു മെതിയന്ത്രങ്ങൾ കൂടി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഭക്ഷ്യയോഗ്യമായതും അല്ലാത്തതുമായ നെല്ല് സിവിൽ സപ്ലൈസ് വഴി സംഭരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷിക്കാർക്ക് 17.08 കോടിയിലധികം രൂപ ജില്ലകളിലേക്ക് അനുവദിക്കുകയും 14.48 കോടി യിലധികം രൂപയുടെ ധനസഹായം 37404 കർഷകർക്ക് വിതരണം ചെയ്ത് കഴിഞ്ഞിട്ടുമുണ്ട്. (വിശദാംശങ്ങൾ അനുബന്ധം -3ൽ ചേർത്തിട്ടുണ്ട്) |

| | | | |
|---|---|---|---|
| സി) | പുതുതായി കൃഷിയിറക്കുന്നതിന് കർഷകർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ ചെയ്യു എന്ന് വ്യക്തമാക്കുമോ ; | (സി) | അടുത്ത വിളപ്പു വേണ്ടി സംസ്ഥാനത്ത് 177 9.605 മെട്രിക് ടൺ നെൽ വിത്ത് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട്, തൃശ്ശൂർ, സമഗ്ര കുട്ടനാട് എന്നീ പ്രധാന നെൽകൃഷി മേഖലയിൽ കർഷകർക്ക് നെൽകൃഷിയ്ക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അനുബന്ധം 4 ആയി ചേർത്തിട്ടുള്ള സംസ്ഥാനാവിഷ്കൃത പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിലെ ഘടകങ്ങൾ ഉൾപ്പെടുത്തി കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| ഡി) | ദുരിതാശ്വാസത്തിനായി കേന്ദ്രസർക്കാർ എത്ര കോടി രൂപ നൽകി എന്ന് വെളിപ്പെടുത്തുമോ ? | | വേനൽ മഴയിൽ എല്ലാ മേഖലകളിലും ഉണ്ടായ നാശനഷ്ടങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് മെമ്മോറാണ്ടം കേന്ദ്രത്തിന് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലുള്ളവായ പ്രത്യേക സാഹചര്യം പരിഗണിച്ച് മാനദണ്ഡങ്ങൾ അയവ് വരുത്തി സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആദ്യം മന്ത്രിതല സംഘവും, പിന്നീട് ബഹു: മുഖ്യമന്ത്രിയും, ബഹു: പ്രതിപക്ഷ നേതാവും, മന്ത്രിമാരും അടങ്ങിയ സർവ്വകക്ഷി സംഘവും കേന്ദ്രത്തിൽ പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരെ കണ്ട് നിവേദനം നടത്തിയിട്ടും കേന്ദ്ര സംഘം സന്ദർശിച്ച് കണക്കെടുത്തതല്ലാതെ നാളിതുവരെ ദുരിതാശ്വാസത്തിനായി തുകയൊന്നും അനുവദിച്ചിട്ടില്ല. |

Sreekala P.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 33 — 24.06.2008-ൽ മറുപടിക്ക്

ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. കെ. ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എ. സി. മൊയ്തീൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും<br>വകുപ്പു മന്ത്രി) |

(എ) വ്യവസായ മേഖലയിലും തൊഴിൽ ശാലകളിലും ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എ) ഉണ്ട്

(ബി) എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) വ്യവസായ സ്ഥാപനങ്ങളിലും വിവിധ തൊഴിൽ മേഖലകളിലും ട്രേഡ് യൂണിയനുകളുടെ അനിയന്ത്രിതമായ ബാഹുല്യം നിയന്ത്രിക്കുന്നതിനും തൊഴിലാളികളുടെയാകെ പൊതുവായ അവകാശങ്ങൾ നേടിയെടുക്കാനും ഓരോ സ്ഥാപനത്തിലും സമാധാനപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള കേരള റിക്കഗ്നീഷ്യൻ ഓഫ് ട്രേഡ് യൂണിയൻ ബിൽ (2008) നു അന്തിമ രൂപം നൽകിവരുന്നു. യൂണിയൻ ഗവൺമെന്റിന്റെ അംഗീകാരത്തിന് ബിൽ സമർപ്പിച്ചിരിക്കുകയാണ്.

(സി) വ്യവസായ മേഖലയിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം നിലനിറുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) തൊഴിൽ തർക്കങ്ങളിൽ അടിയന്തിരമായി ഇടപെടുകയും, അനുരഞ്ജന ചർച്ചകളിലൂടെ പ്രശ്നം ഒത്തുതീർപ്പാക്കാൻ ശ്രമിക്കുകയും ചെയ്ത് വരുന്നു. മെച്ചപ്പെട്ട സേവന വേതന ആനുകൂല്യങ്ങളും തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന മറ്റ് നിയമ പരിരക്ഷകളും ലഭിക്കുന്നതിന് തൊഴിലാളികളെ സഹായിക്കുന്നതിനും, അത് വഴി തൊഴിലാളി തൊഴിലുടമ ബന്ധം ശക്തിപ്പെടുത്തുന്നതിനും തൊഴിൽ വകുപ്പ് സദാ ജാഗരൂകമാണ്. കൂടാതെ അസംഘടിത മേഖലയിൽപ്പെട്ട തൊഴിലാളികളുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ സേവന

വേതന വ്യവസ്ഥകൾ പരിഹരിക്കുന്നതിനും വ്യവസായ ബന്ധ സമിതികൾ നിലവിലുണ്ട്. ഇവ കൃത്യമായും കൂടുകയും തർക്കങ്ങളിൽ പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്.

(ഡി) ഏതെല്ലാം പൊതു മേഖലാ സ്ഥാപനങ്ങളിലാണ് റഫറണ്ടം നടത്തി തൊഴിലാളി യൂണിയനുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്; തൊഴിൽ തർക്കങ്ങളും മറ്റും പരിഹരിക്കുന്നതിന് ഈ സംവിധാനം ഫലപ്രദമാണോ യെന്ന് വ്യക്തമാക്കുമോ?

(ഡി) ഹിതപരിശോധനയിലൂടെ അംഗീകൃത ട്രേഡ് യൂണിയനുകളെ നിശ്ചയിക്കുന്നതിനായി, കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 15 പൊതു മേഖല സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പിന്റെ സാന്നിദ്ധ്യത്തിൽ റഫറണ്ടം നടത്തിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)

ഹിത പരിശോധനയിലൂടെ ട്രേഡ് യൂണിയനുകളുടെ ബാഹുല്യം കുറയ്ക്കാൻ സാധിക്കുന്നു. അംഗീകൃത ട്രേഡ് യൂണിയനുകൾ മാത്രം ഉൾപ്പെട്ട ഉഭയകക്ഷി ചർച്ചകളിൽ കൂട്ടായ വിലപേശൽ സാധ്യമാകുകയും, അതു വഴി തൊഴിൽ തർക്കങ്ങൾ വേഗം പരിഹൃതമാകുകയും ചെയ്യുന്നതിനാൽ ഈ സംവിധാനം തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. മലബാർ സിമന്റ്സിന്റെ വാളയാർ, ചേർത്തല യൂണിറ്റുകളിൽ
2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ
3. കേരള സ്റ്റേറ്റ് ഹാൻഡ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ
4. ടെൽക്, അങ്കമാലി
5. ട്രാവൻകൂർ ടൈറ്റാനിയം, തിരുവനന്തപുരം
6. സീതാറാം ടെക്സ്റ്റൈൽസ്, തൃശ്ശൂർ
7. സിഡ്കോ, തിരുവനന്തപുരം
8. ഹാന്റക്സ്, തിരുവനന്തപുരം
9. കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡ്, കുണ്ടറ
10. ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്
11. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ
12. കേരള ഫീഡ്സ് ലിമിറ്റഡ്
13. ഹാന്റി ക്രാഫ്റ്റ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ
14. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, ഇരുമ്പനം, കൊച്ചി
15. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, തിരുവല്ല, പത്തനംതിട്ട

എളമരം കരീം

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 34 — 24-06-2008 -ൽ മറുപടിക്ക്

## അബ്കാരി കേസുകൾ കാര്യക്ഷമമായി നടത്തുന്നതിന് നടപടി

| ചോദ്യം: | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. ശ്രീ. പി.ടി.എ റഹീം<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ | | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | അബ്കാരി കേസുകൾ കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. അബ്കാരി കേസുകൾ കാര്യക്ഷമമായി അന്വേഷണം നടത്തി കോടതികളിൽ സമർപ്പിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും മേഖലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും എല്ലാ ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്പോൾ എത്ര അബ്കാരി കേസുകളാണ് നിലവിലുള്ളത്; കെട്ടിക്കിടക്കുന്ന അബ്കാരി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | 2008 ഏപ്രിൽ 30 വരെ 11,622 അബ്കാരി കേസുകൾ വിവിധ ആഫീസുകളിലും 23.35[illegible] കേസുകൾ വിവിധ കോടതികളിലും തീർപ്പാക്കുവാനായി അവശേഷിക്കുന്നുണ്ട്. അബ്കാരി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അബ്കാരി കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | അബ്കാരി കുടിശ്ശികകൾ ഈടാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | സർക്കാരിന്റെ 26-05-08-ലെ ജി.ഒ. (എംഎസ്)108/08/നി.വ. നമ്പർ ഉത്തരവ് പ്രകാരം അബ്കാരി കുടിശ്ശിക പലിശ ഇളവ് നൽകി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### ഏട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:35   24-06-2008 ൽ മറുപടിയ്ക്ക്**

### വൈദ്യുത പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്. ബിജി മോൾ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. രാജാജി മാത്യൂ തോമസ്<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. മന്ത്രി എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) വിവിധ ജലസംഭരണികളിലായി എത്ര ദിവസത്തെ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ജലമാണിപ്പോഴുള്ളതെന്ന് വ്യക്തമാക്കുമോ; | എ) 18.06.2008 -ലെ കണക്കുകൾ പ്രകാരം ഉൽപ്പാദനം നടക്കാത്ത ശബരിഗിരി പദ്ധതിയുടെ സംഭരണിയായ പമ്പ, കക്കി ഡാമുകളൊഴികെ 499 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളം മാത്രമാണ് സംസ്ഥാനത്തെ വിവിധ ജലസംഭരണികളിലായുള്ളത്.<br>എന്നാൽ 1050 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദന ശേഷിയാണ് ജലനിലയങ്ങളിൽ നിന്ന് ലഭ്യമാവുന്നത്. ഈ നിലയിൽ 15 ദിവസത്തോളം വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. എന്നാൽ പീക്ക് ലോഡ് ഡിമാന്റ് നേരിടാൻ ഇത് തികച്ചും അപര്യാപ്തമാണ്. |
| ബി) പ്രതിദിനം കേന്ദ്രവിഹിതമായി ലഭിച്ചിരുന്ന വൈദ്യുതിയുടെ അളവെത്രയെന്നും ഇതിപ്പോൾ വെട്ടിക്കുറച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്രയായി കുറച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | ബി) 2006 ഡിസംബർ മാസത്തിൽ 1185 മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്രവിഹിതമായി കേരളത്തിനു ലഭിച്ചുകൊണ്ടിരുന്നത്. ഇതിൽ അൺ അലോക്കേറ്റഡ് വിഹിതമായി 145 മെഗാവാട്ട് ലഭിച്ചുകൊണ്ടിരുന്നത് പലഘട്ടങ്ങളിലായി വെട്ടിക്കുറച്ചതിനാൽ 1041 മെഗാവാട്ട് ആണ് ഇപ്പോൾ കേന്ദ്രവിഹിതം. എന്നാൽ കേന്ദ്രനിലയങ്ങളിൽ ഇന്ധനമായ കൽക്കരി, ലിഗ്നൈറ്റ് എന്നിവയുടെ ലഭ്യതക്കുറവും കേന്ദ്രനിലയങ്ങളുടെ അറ്റകുറ്റപ്പണികളുംമൂലം ലഭിച്ചു |

| | | | |
|---|---|---|---|
| | | | കൊണ്ടിരുന്ന കേന്ദ്രവിഹിതത്തിൽ വീണ്ടും കുറവു വന്നു. 2008 ജൂണിൽ കേന്ദ്രവിഹിതത്തിന്റെ ശരാശരി ലഭ്യത 670 മെഗാവാട്ട് ആണ്. |
| സി) | പീക്ക് സമയത്തെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | സി) | പീക്ക് സമയത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ ഡീസൽ താപനിലയങ്ങളായ കെ.ഡി.പി.പി, ബി.ഡി.പി.പി, കെ.പി.സി.എൽ എന്നിവയിൽ നിന്നും നാഫ്ത താപനിലയങ്ങളായ കായംകുളം, ബി.കെ.പി.എൽ എന്നിവയിൽ നിന്നുമുള്ള വിലകൂടിയ വൈദ്യുതി ഉപയോഗപ്പെടുത്തുന്നുണ്ട്. യൂണിറ്റിന് 10.68 രൂപയാണ് നാഫ്ത നിലയങ്ങളിലെ വൈദ്യുതിയുടെ വില. കൂടാതെ 100-200 മെഗാവാട്ട് വൈദ്യുതി പഞ്ചാബിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതി മദ്ധ്യപ്രദേശിൽ നിന്നും വാങ്ങുന്നതിന് ധാരണയുണ്ടാക്കി.<br>ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന വൈദ്യുതി മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതിനായി ധാരണയുണ്ട്. ഫ്രീക്വൻസി അനുകൂലമായ സമയങ്ങളിൽ കേന്ദ്രപൂളിൽ നിന്ന് വൈദ്യുതി യു.ഐ (അൺഷെഡ്യൂൾഡ് ഇന്റർചാർജ്) റേറ്റിൽ എടുക്കുന്നുണ്ട്. ഇത്തരം നടപടികളിലൂടെ പീക്ക് സമയത്തെ വൈദ്യുതി ആവശ്യം നിറവേറ്റാൻ കാര്യക്ഷമമായ ഇടപെടലാണ് നടത്തുന്നത്. അവിചാരിതമായ കാരണങ്ങളാൽ ജനറേറ്ററുകളോ ട്രാൻസ്മിഷൻ ലൈനുകളോ കേടാവുന്ന ഘട്ടങ്ങളിൽ പവർ സിസ്റ്റത്തിന്റെ സുരക്ഷിതത്വത്തിനു വേണ്ടി ചുരുക്കം ചില സന്ദർഭങ്ങളിൽ ഭാഗികമായ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടതായും വരാറുണ്ട്. |
| ഡി) | കേന്ദ്ര പൂളിൽ നിന്ന് അർഹമായ വൈദ്യുതി നേടിയെടുക്കുന്നതിനും വെട്ടിക്കുറച്ച അൺ-അലോക്കേറ്റഡ് | ഡി) | വൈദ്യുതിയുടെ വെട്ടിക്കുറച്ച കേന്ദ്ര വിഹിതം പുനഃസ്ഥാപിക്കണ മെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിക്കും 26.05.2007 ൽ |

| | |
|---|---|
| വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | കത്തു നൽകിയിട്ടുണ്ട്. തുടർന്ന് 06.08.2007 ൽ കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിക്ക് വീണ്ടും ഈ ആവശ്യം ഉന്നയിച്ച് കത്തു നൽകിയിട്ടുണ്ട്. 2007 ഡിസംബറിൽ ബോർഡ് കേന്ദ്ര ഊർജ്ജ വകുപ്പു സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ, മൂഴിയാറിൽ അപകടമുണ്ടായ 16.05.2008 -ലും മഴകുറയാനുള്ള സാദ്ധ്യത വ്യക്തമായ 19.06.2008 ലും വീണ്ടും കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .36 24.06.2008ൽ മറുപടിക്ക്

വൈദ്യുതിബോർഡിൻെറ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം.<br>ശ്രീ.സി.എഫ്.തോമസ്;<br>പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ഉത്തരം<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈദ്യുതി ബോർഡിൻെറ പ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും കർമ്മ പദ്ധതികൾ വിഭാവന ചെയ്യുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) വരും വർഷങ്ങളിൽ ബോർഡിൻെറ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് പതിനൊന്നാം പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിൻെറ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>പ്രസരണ - വിതരണ മേഖലയിലെ പ്രവർത്തനങ്ങൾ ഗണ്യമായി മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി 2008-09 വർഷത്തിലേക്ക് വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെ വിശദമായ പദ്ധതിരേഖ ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. (വിശദാംശം - അനുബന്ധം 2)<br><br>സമൂഹത്തിൻെറ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് വിവരസാങ്കേതിക വിദ്യ ഉൾപ്പെടുത്തി സേവനം മെച്ചപ്പെടുത്തുക, ഉപഭോക്തൃ സൗഹൃദം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യത്തോടെ ബോർഡിൻെറ ഐ.ടി. റോഡ് മാപ്പ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

---

വിതരണമേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനായി താഴെപപറയുന്ന പ്രവൃത്തികൾ വിഭാവന ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

1. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിൻെറ ഭാഗമായി ഈ സർക്കാർ വന്നതിനുശേഷം 38 സെക്ഷൻ ഓഫീസുകളും 5 ഡിവിഷൻ ഓഫീസുകളും 4 സബ്ഡിവിഷൻ ഓഫീസുകളും അനുവദിച്ചിട്ടുണ്ട്.

2. എല്ലാ സെക്ഷൻ ഓഫീസുകളിലും എൻക്വയറികൗണ്ടറുകൾ തുടങ്ങുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ക്യാഷ് കൗണ്ടറിൻെറ പ്രവർത്തന സമയം ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

3. എല്ലാ സെക്ഷൻ ഓഫീസുകളിലും കംപ്യൂട്ടറൈസേഷൻ നടപ്പാക്കിവരുന്നു. എൻക്വയറി കൗണ്ടറുകളും കമ്പ്യൂട്ടർവൽക്കരിക്കുന്ന കാര്യം പരിഗണനയിലാണ്.

4. വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

5. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വൈദ്യുതി നൽകുന്നതിനും വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിനുമായി 11 കെ.വി.ലൈനുകളും ട്രാൻസ്ഫോർമറുകളും മുൻവർഷങ്ങളിലേക്കാൾ കൂടുതൽ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതിനായി ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുവാനും ഫീൽഡ് ഓഫീസുകളിൽ ജീവനക്കാരെ നിയമിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണനിലവാരം കുറഞ്ഞ വൈദ്യുതി ലഭിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പുതിയ പ്രവൃത്തികൾ ആവിഷ്ക്കരിക്കുവാനും നടപ്പിലാക്കുവാനും ഫീൽഡ് ജീവനക്കാരെച്ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബോർഡിൽ സാധന സാമഗ്രികൾ വാങ്ങുന്ന സംവിധാനം ആധുനികവൽക്കരിക്കുന്നതിനുവേണ്ട സാങ്കേതിക സഹായം നൽകുന്നതിനുവേണ്ടി സാങ്കേതിക ഉപദേഷ്ടാവിനെ നിയോഗിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

ബോർഡ് നടപ്പാക്കുന്ന നിർമ്മാണ വികസന പ്രവർത്തനങ്ങൾ ശരിയായ നിലയിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ ഒരു **Web based Monitoring** സംവിധാനം ഏർപ്പെടുത്തുവാനുള്ള ശ്രമവും നടന്നുവരുന്നു.

K G Meera Rani

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 37

24.06.2006-ൽ മറുപടിയ്ക്ക്

കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ<br>ശ്രീ. ജോർജ് എം. തോമസ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയിൽ പണിയെടുക്കുന്നതിന് പരിചയ സമ്പന്നരായ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്ന കാര്യം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) വെള്ളായണി റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിൽ നൂതന കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് കർഷകർക്ക് ഇപ്പോൾ തന്നെ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് സർവ്വീസ് മുഖേന കർഷക തൊഴിലാളികൾക്ക് ഇത്തരത്തിൽ പരിശീലനം നൽകുന്നതിനും, കൃഷി വകുപ്പിന്റെ കീഴിൽ മലമ്പുഴയിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രമായ റീജിയണൽ അഗ്രിക്കൾച്ചറൽ ടെക്നോളജി ട്രെയിനിംഗ് സെന്ററും നാളികേര വികസന ബോർഡുമായി സഹകരിച്ച് തെങ്ങുകയറ്റ തൊഴിലാളികൾക്ക് തെങ്ങുകയറ്റ യന്ത്രം |

പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതിനും പദ്ധതികൾ തയ്യാറാക്കി വരുന്നുണ്ട്. ഇത് കൂടാതെ ആധുനിക കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ചും, നൂതന കാർഷിക വിദ്യകളുടെ പ്രയോഗം സംബന്ധിച്ചും, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഹ്രസ്വകാല പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

സി) ആധുനിക കൃഷി സമ്പ്രദായങ്ങളിൽ കർഷകർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

സി) കൃഷി വകുപ്പ് വിവിധ പദ്ധതികൾ പ്രകാരവും, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതി പ്രകാരവും, ആധുനിക കൃഷി സമ്പ്രദായങ്ങളിൽ, കർഷകർക്ക് കൃഷിഭവനുകൾ മുഖേനയും വകുപ്പിന്റെ കീഴിലുള്ള 9 പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാല, സി.പി.സി.ആർ.ഐ., കെ.വി.കെ. തുടങ്ങിയ സ്ഥാപനങ്ങളും കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.

ഡി) യുവജനങ്ങൾക്ക് കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

ഡി) കൃഷി വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ യുവാക്കൾക്ക് മുൻഗണന നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹെക്ടറിന് 5000/- രൂപ ധനസഹായം നൽകി നടപ്പാക്കുന്ന തരിശ് ഭൂമി നെൽകൃഷി പദ്ധതിയിലും യുവജനങ്ങൾക്ക് മുൻഗണന നൽകി വരുന്നു. കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിൽ വിവിധ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി ഈ രംഗത്തേക്ക് പുതുതലമുറയിൽ ആഭിമുഖ്യം വളർത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Lakshmi P.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :38

24-6-2008-ൽ മറുപടിയ്ക്ക്

## ഹെൽത്ത് ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീമതി.കെ.കെ.ലതിക :<br>ശ്രീ.മഞ്ഞളാംകുഴി അലി : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) ഹെൽത്ത് - ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് ദ്വിമുഖ തന്ത്രമാണ് ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ തനതായ ആയുർവേദ ചികിത്സകൾക്കായി ധാരാളം വിദേശ ടൂറിസ്റ്റുകൾ കേരളത്തിൽ എത്തുന്നുണ്ട്. ഈ മേഖലയിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാര ക്ലാസിഫിക്കേഷൻ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഇതിനകം ആയുർവേദ ചികിത്സകൾ ലഭ്യമായ 97 റിസോർട്ടുകൾക്ക് വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ആധുനിക വൈദ്യശാസ്ത്രത്തിൽ അധിഷ്ഠിതമായ ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് ഈ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മെഡി |

കൽ ടൂറിസം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഹെൽത്ത് ടൂറിസം പാക്കേജുകൾ അടങ്ങിയ കേരളത്തിലെ പ്രധാനപ്പെട്ട ആശുപത്രികളെകുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ലഘു ലേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ ടൂറിസം വകുപ്പ് പങ്കെടുക്കുന്ന അന്തർദേശീയ മേളകളിലും ദേശീയ മേളകളിലും വകുപ്പ് നേരിട്ട് സംഘടിപ്പിക്കുന്ന റോഡ് ഷോകളിലും കേരളത്തിലെ മെഡിക്കൽ ടൂറിസം സാദ്ധ്യതയെക്കുറിച്ച് പ്രചരണം നടത്തുന്നുണ്ട്

(ബി) ഇതിനായി പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഹെൽത്ത് ടൂറിസം രംഗത്തെ മറ്റു മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ മെഡിക്കൽ ടൂറിസം സാദ്ധ്യതയെകുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനം നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ രംഗത്തെ വികസനത്തിന് വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുന്നത്

(സി) ഹെൽത്ത് ടൂറിസവുമായി ബന്ധപ്പെട്ട് ആശുപത്രികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ; സംസ്ഥാനത്ത് എത്ര

(സി) ഹെൽത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി ടൂറിസം വകുപ്പ് പ്രത്യേകമായി ആശുപത്രികളെ തിരഞ്ഞെടുക്കുന്നില്ല. എന്നാൽ

| | | | |
|---|---|---|---|
| | ആശുപത്രികൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്; | | നിശ്ചിത യോഗ്യതയുള്ള ആശുപത്രികൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ് |
| (ഡി) | ഹെൽത്ത് ടൂറിസത്തിനായി ഇന്ത്യേതർ പ്രതിവർഷം എത്രപേർ കേരളത്തിൽ എത്തുന്നുണ്ട്; | (ഡി) | സംസ്ഥാനത്ത് എത്തുന്ന ഹെൽത്ത് ടൂറിസ്റ്റുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. |
| (ഇ) | ഹെൽത്ത് ടൂറിസം മേള സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഇ) | ഹെൽത്ത് ടൂറിസം മേള സംഘടിപ്പിക്കാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നില്ല. എന്നാൽ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി പോലുള്ള സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന മേളകളിൽ ടൂറിസം വകുപ്പ് കൂടി സഹകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### ഏട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:39 24-06-2008 ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി സ്മാർട്ട് സിറ്റിക്ക് നൽകിയ സ്ഥലം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. വിഷ്ണുനാഥ്<br>ശ്രീ. കെ. സുധാകരൻ<br>ശ്രീ. എം. മുരളി | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കെ.എസ്.ഇ.ബി ബ്രഹ്മപുരത്തെ 100 ഏക്കർ സ്ഥലം സ്മാർട്ട് സിറ്റിക്ക് നൽകിയിട്ടുണ്ടോ; | എ) യും ബി) യും | കെ.എസ്.ഇ.ബി യുടെ നിയന്ത്രണത്തിലുള്ള ബ്രഹ്മപുരം ഡീസൽ നിലയത്തിന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും 100 ഏക്കർ സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി 7.57 കോടി രൂപ വില നിശ്ചയിച്ച് സർക്കാർ ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെ.എസ്.ഇ.ബി നാളിതുവരെ നടത്തിയിട്ടുള്ള ഭൂ വികസന പ്രവർത്തനങ്ങൾ, സ്ഥലത്തിനു നൽകിയ പൊന്നുംവില, വിലക്കെടുക്കുന്നതിനുണ്ടായ ചെലവ്, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ കണക്കിലെടുത്തും ആ പ്രദേശത്തെ കമ്പോളവില പരിഗണിച്ചും മറ്റു സ്ഥലഉടമകൾക്ക് നൽകുന്ന നഷ്ടപരിഹാര തുകയുടെ ക്രമത്തിൽതന്നെ കെ.എസ്.ഇ.ബി യ്ക്കും നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. |
| ബി) | ഇതിനു വിലയായി എന്തു തുക കെ.എസ്.ഇ.ബി ക്കു ലഭിച്ചിട്ടുണ്ട്; കെ.എസ്.ഇ.ബി നൂറ് ഏക്കറിന് എന്തു തുകയാണ് ആവശ്യപ്പെട്ടിരുന്നത്; | | |
| സി) | ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബി സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | സി) | കത്തിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 40 — 24-06-2008-ൽ മറുപടിയ്ക്ക്

## കേന്ദ്ര കടാശ്വാസനിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ :<br>ശ്രീ. എം.ജെ. ജേക്കബ് :<br>ശ്രീ. എം.കെ. പുരുഷോത്തമൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. സാജു പോൾ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര കടാശ്വാസനിയമപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; | (എ) കേന്ദ്ര കടാശ്വാസ നിയമപ്രകാരം നടപ്പിലാക്കുന്ന കാർഷിക വായ്പ എഴുതിത്തള്ളലും കാർഷിക കടാശ്വാസ പദ്ധതിയും - 2008 എന്ന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും, പ്രാദേശിക ഗ്രാമീണ ബാങ്കുകളും അർബൻ സഹകരണ വായ്പാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സഹകരണ വായ്പാ സ്ഥാപനങ്ങൾ, ലോക്കൽ ഏരിയ ബാങ്കുകളും ഇടത്തരം, ചെറുകിട കർഷകർക്കും മറ്റു കർഷകർക്കും നേരിട്ടു നൽകുന്ന കാർഷിക വായ്പകൾ എന്നിവ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.<br>2. ഒരു പ്രത്യേക സംഘത്തിലെ ഓരോ കർഷകനും നൽകിയ വായ്പകളുടെ ഇനം തിരിച്ചുള്ള അടിസ്ഥാന വിവരങ്ങൾ സൂക്ഷിക്കുന്നതിന് വിധേയമായി കർഷക സംഘങ്ങൾക്ക് നേരിട്ടു നൽകുന്ന വായ്പകൾ ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടും.<br>3. പരമ്പരാഗതങ്ങളും പാരമ്പര്യേതരവുമായ തോട്ടകൃഷികൾക്കും ഉദ്യാനകൃഷിയ്ക്കും വേണ്ടിയുള്ള ഒരു ലക്ഷത്തിൽ |

കവിയാത്ത പ്രവർത്തന മൂലധന വായ്പ ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടും.

4. ഭൂമിയിൽ നിന്നുള്ള ഉല്പാദനം വർദ്ധിപ്പിക്കൽ, അപചയ ആസ്തികളുടെ പുന:സ്ഥാപനവും സംരക്ഷണവും എന്നിവയുമായി ബന്ധപ്പെട്ട് മുടക്കുമുതൽ കണ്ടെത്തുന്നതിന് നൽകിയിരിക്കുന്ന നിക്ഷേപ വായ്പ, കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസ്തികൾ ആർജ്ജിക്കുന്നതിനുവേണ്ടി അനുബന്ധ പ്രവർത്തനങ്ങൾക്കായുള്ള നിക്ഷേപവായ്പ എന്നിവ ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടും.

5. വായ്പ എഴുതിത്തള്ളുന്നതിനോ കടാശ്വാസത്തിനോ അർഹമായ തുക, അത് ഏതു തന്നെയായിരുന്നാലും താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

a) ഹ്രസ്വകാല ഉദ്പാദന വായ്പയുടെ കാര്യത്തിൽ, ഇങ്ങനെയുള്ള വായ്പയുടെ തുക (ബാധകമാകുന്ന പലിശ സഹിതം)

i) 1997 മാർച്ച് 31 ന് ശേഷം 2007 മാർച്ച് 31 വരെ വിതരണം ചെയ്യപ്പെട്ടിട്ടുള്ളതും 2007 ഡിസംബർ 31 ലെ കണക്കുപ്രകാരം പണമടവ് ബാക്കി നിൽക്കുന്നതും 2008 ഫെബ്രുവരി 29 വരെ അടയ്ക്കാതെ ബാക്കി നിൽക്കുന്നതും.

ii) അടവ് ബാക്കി നിൽക്കുന്നതായാലും അല്ലെങ്കിലും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജുകൾ പ്രകാരം 2004ലും 2006ലും ബാങ്കുകൾ പുന:ക്രമീകരിക്കുകയോ ചെയ്യുവ

iii) അടവ് തുക ബാക്കി നിൽക്കുന്നതായാലും അല്ലെങ്കിലും പ്രകൃതി ദുരന്തങ്ങൾ കാരണം റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി 2007 മാർച്ച് 31 വരെ സാധാരണഗതിയിൽ പുന:ക്രമീകരണം ചെയ്യുവ.

b) നിക്ഷേപവായ്പയുടെ കാര്യത്തിൽ അത്തരം വായ്പയുടെ പണമടവ് ബാക്കി നിൽക്കുന്ന തവണകളുടെ (ബാധകമാവുന്ന പലിശ ഉൾപ്പെടെ) തുക.

i) 2007 മാർച്ച് 31 വരെ വിതരണം ചെയ്തിട്ടുള്ളതും 2007 ഡിസംബർ 31 ലെ കണക്ക് പ്രകാരം പണമടവ് ബാക്കിനിൽക്കുന്നതും, 2008 ഫെബ്രുവരി 29 വരെ അടക്കാതെ ബാക്കി നിൽക്കുന്നതും.

ii) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജുകൾ പ്രകാരം, 2004ലും 2006ലും ബാങ്കുകൾ പുന:ക്രമീകരിക്കുകയോ ചെയ്യുവ.

iii) പ്രകൃതി ദുരന്തങ്ങൾ കാരണം റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി 2007 മാർച്ച് 31 വരെ സാധാരണഗതിയിൽ ~ പുന:ക്രമീകരിക്കുകയോ ചെയ്യുവ.

6. ഒരു ചെറുകിട ഇടത്തരം കർഷകന്റെ കാര്യത്തിൽ 'അർഹമായ തുക' മുഴുവനായും എഴുതിത്തള്ളാവുന്നതാണ്.

7. മറ്റു കർഷകരുടെ കാര്യത്തിൽ ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുണ്ടായിരിക്കും. ഇതനുസരിച്ച് 'അർഹമായ തുക' യുടെ ബാക്കിവരുന്ന 75 ശതമാനം കർഷകൻ തിരിച്ചടച്ചുകൊള്ളാമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കർഷകന് അർഹമായ തുകയുടെ 25 ശതമാനം ഇളവ് നൽകപ്പെടുന്നതാണ്. അർഹമാകുന്ന തുകയുടെ ബാക്കി കർഷകൻ അടച്ചു തീർക്കുന്നതാണ് എന്ന വ്യവസ്ഥയിൽ മറ്റു കർഷകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം അർഹമായ തുകയുടെ 25 ശതമാനം കിഴിവോ 20,000 രൂപയോ ഏതാണോ കൂടുതൽ അത് നൽകാവുന്നതാണ്. കടാശ്വാസ പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ്

ഉള്ളടക്കം ചെയ്യുന്നു.

| | | | |
|---|---|---|---|
| (ബി) | ഇത് സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കർഷകർക്കും ഗുണകരമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 29.02.08 ന് മുമ്പ് വായ്പ കുടിശ്ശിക അടച്ചുതീർത്ത കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയില്ല എന്നു കണ്ടതിനാൽ അത്തരം കർഷകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്ഷീര കർഷകരെയും മത്സ്യതൊഴിലാളികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ എഴുതിത്തള്ളൽ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിലപാട് ഇക്കാര്യത്തിൽ ലഭ്യമായിട്ടില്ല. |
| (സി) | ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ കേന്ദ്രസർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ; | | |
| ഡി) | 2007 മാർച്ച് 31-നുമുമ്പ് ബാങ്ക് അധികൃതരുടെ നിർബന്ധത്തിന്റെ ഫലമായി പുതുക്കിയതും പുനഃക്രമീകരിച്ചതുമായ വായ്പകൾക്കുകൂടി ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | 2004-06 എന്നീ വർഷങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച പാക്കേജുകൾ പ്രകാരം പുനഃക്രമീകരിച്ചതും പ്രകൃതിദുരന്തങ്ങൾ കാരണം റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായി 2007 മാർച്ച് 31 വരെ സാധാരണ ഗതിയിൽ പുനഃക്രമീകരണം ചെയ്യതുമായ വായ്പകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |
| ഇ) | എത്ര കോടി രൂപയുടെ കടാശ്വാസമാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത് ; | (ഇ) & (എഫ്) | ഈ പദ്ധതിയിൽ അർഹരായ കർഷകരുടെ പട്ടിക 2008 ജൂൺ 30 നോ അതിനു മുൻപോ ബന്ധപ്പെട്ട ബാങ്ക്/ സൊസൈറ്റിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൻമേലുള്ള ആക്ഷേപങ്ങൾ കൂടി കേട്ട് അന്തിമരൂപം വരുത്തിയശേഷം കടാശ്വാസം ലഭ്യമാക്കുന്നതാണ്. ഈ അവസരത്തിലാണ് ആവശ്യമായ തുകയെത്രയെന്ന് കൃത്യമായി പറയാൻ കഴിയുന്നത്. |
| എഫ്) | കേന്ദ്ര കടാശ്വാസം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | | |

Sudhakaran P.
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :41

24-6-2008-ൽ മറുപടിയ്ക്ക്

## 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.എ.റഹീം :<br>ശ്രീ.എം.ഹംസ :<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി :<br>ശ്രീ.ആർ.സെൽവരാജ് : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' എന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമങ്ങളിൽ ടൂറിസം സാദ്ധ്യതകളുള്ള പ്രദേശങ്ങളുടെയും പുതിയ ടൂറിസം ഉല്പന്നങ്ങളുടെയും വികസനവും അതുവഴി ഗ്രാമങ്ങളിൽ ടൂറിസം സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ചിട്ടുള്ളതാണ് 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' എന്ന പദ്ധതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ടൂറിസം വകുപ്പിൽ സമർപ്പിക്കുന്നതും ആയത് പരിശോധിച്ചതിനു ശേഷം അനുയോജ്യമായവക്ക് അംഗീകാരം നൽകുന്നതുമായിരിക്കും. അംഗീകരിക്കുന്ന പദ്ധതിക്ക് പദ്ധതി തുകയുടെ 50% അല്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | പരമാവധി 10 ലക്ഷം രൂപ നൽകുന്നതായിരിക്കും. |
| (ബി) | പദ്ധതി നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) | പദ്ധതി നടപ്പാക്കുന്നതിൻെറ ഭാഗമായി ടൂറിസം സെക്രട്ടറി ചെയർമാനായും ടൂറിസം ഡയറക്ടർ കൺവീനറായും 28-4-2008 ലെ ജി.ഒ.(ആർ.റ്റി) നമ്പർ. 3653/08/ടൂറിസം പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്ക് എന്താണ് ; | (സി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ടൂറിസം സാദ്ധ്യതകളുള്ള പ്രദേശങ്ങളെ കണ്ടെത്തി പദ്ധതികൾ തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ടൂറിസം വകുപ്പിൽ സമർപ്പിക്കണം. സ്ഥലം സർക്കാർ അധീനതയിലുള്ളതായിരിക്കണം. പദ്ധതി നടത്തിപ്പിനുള്ള ചുമതല പഞ്ചായത്തിനായിരിക്കും. കൂടാതെ പദ്ധതിചെലവിൻെറ ഒരു പങ്ക് വഹിക്കുകയും വേണം. |
| (ഡി) | എത്ര പഞ്ചായത്തുകൾ പദ്ധതി നടപ്പാക്കുന്നതിന് മുന്നോട്ട് വന്നിട്ടുണ്ട് ; എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; | (ഡി) | 14 പഞ്ചായത്തുകൾ പദ്ധതി നടപ്പാക്കുന്നതിന് മുന്നോട്ട് വന്നു. ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതി നടപ്പാക്കുന്നതിന് ടൂറിസം വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | പദ്ധതി നടപ്പാക്കുന്നതിന് ടൂറിസം വകുപ്പ് ഓരോ പഞ്ചായത്തിനും പദ്ധതി ചെലവിന്റെ പകുതിയോ പരമാവധി 10 ലക്ഷം രൂപയോ നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.42

24-06-2008-ൽ മറുപടിയ്ക്ക്.

## കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീമതി. പി. അയിഷാ പോററി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. പി. കെ. ഗുരുദാസൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കശുവണ്ടി ഉൽപാദനം ഗണ്യമായി കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കശുമാവ് കൃഷിയിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട വരവ് ലഭിക്കുമെന്ന ധാരണയിൽ റബ്ബർ കൃഷിയിലേക്ക് കർഷകർ തിരിഞ്ഞതാണ് പ്രധാന കാരണം. നിലവിലുള്ള കശുമാവ് തോട്ടങ്ങൾ പോലും വെട്ടിമാറ്റി റബ്ബർ കൃഷി ചെയ്യുവരുന്ന തെറ്റായ പ്രവണതയാണ് ഇപ്പോൾ കണ്ടു വരുന്നത്. |
| (ബി) കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | (ബി) ആവിഷ്കരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലും കാസർഗോഡ് ജില്ലയിലും ജില്ലാപഞ്ചായത്തുകളും കാർഷിക ഉദ്യോഗസ്ഥന്മാരും കർഷക സംഘടനകളുമായി ചർച്ച ചെയ്ത് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (KSACC) കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ KSACC കേന്ദ്ര സർക്കാരിന് കശുമാവ് ജൈവ കൃഷി പ്രോൽസാഹിപ്പി- |

ക്കുന്നതിന് 150 കോടി രൂപയുടെ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറി കോംപൗണ്ടിലും നെടുംപന ടി.ബി. ആശുപത്രി കോംപൗണ്ടിലുമായി ഏകദേശം 50 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി നടത്തിയിട്ടുള്ളതാണ്. കൂടാതെ, കശുമാവ് കൃഷി വികസിപ്പിക്കുന്നതിനായി അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ ഉല്പാദിപ്പിച്ച് കുറഞ്ഞ നിരക്കിൽ കർഷകർക്ക് നൽകി വരുകയും ചെയ്യുന്നു.

(സി) കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യു കൾട്ടിവേഷൻ എന്ന ഏജൻസി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനു എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; ഇതിൽ ഏതെല്ലാം നടപ്പാക്കിയിട്ടുണ്ട് ;

(സി) 2007-2008 ൽ കേരള സർക്കാർ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിലേക്കായി 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യു കൾട്ടിവേഷനും കേരളാ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനും കൂടി സംയുക്ത സംരംഭമായി 229.84 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 2007-2008 ൽ കർഷകർക്ക് കശുമാവ് നട്ടുപിടിപ്പിക്കുന്നതിനു വേണ്ടി 50,000 അത്യുല്പാദന ശേഷിയുള്ള ചെടികൾ ഉല്പാദിപ്പിക്കുവാൻ കശുവണ്ടി വികസന കോർപ്പറേഷന് ധനസഹായം നൽകിയിട്ടുണ്ട്. തൈകൾ വിതരണം ചെയ്യുവാൻ തയ്യാറായിക്കൊണ്ടിരിക്കുന്നു. അത്യുല്പാദന ശേഷിയുള്ള കശുമാവ് ചെടികൾ കൂടുതൽ സ്ഥലങ്ങളിൽ വെച്ചുപിടിപ്പിക്കുവാൻ കർഷകർക്കും പൊതുജനങ്ങൾക്കും പ്രചോദനം നൽകുകയും വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ എത്തിക്കുകയും ചെയ്യുകയാണ് KSACC യുടെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി

2008-2009 സാമ്പത്തിക വർഷത്തിൽ ഒരു കോടി (1 കോടി) രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പദ്ധതി രൂപകൽപന ചെയ്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതി പ്രകാരം കർഷകർക്ക് പ്രോത്സാഹനാർത്ഥം അവരുടെ കൃഷി സ്ഥലത്തിന്റെ വിസ്തൃതി അനുസരിച്ച് കൃഷി ചെയ്യുവാൻ അത്യുല്പാദന ശേഷിയുള്ള ചെടികൾ വാങ്ങുന്നതിന് സബ്സിഡിയും ഇൻസെന്റീവും നല്കുന്നതാണ്. കൃഷി പരിപോഷിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ഇപ്പോൾ നിലവിലുള്ള സെൽഫ് ഹെൽപ് ഗ്രൂപ്പുകളുടേയോ പുതുതായി രൂപീകരിച്ച ക്ലസ്റ്ററുകൾ, കാഷ്യു ഗ്രോവേഴ്സ് ക്ലബ്ബുകൾ എന്നിവയോ മുഖേന തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ പരിപാടിയുണ്ട്.

(ഡി) ഗുണമേന്മയുള്ള കശുമാവ് തൈകൾ വിതരണം ചെയ്യാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ട്. കശുവണ്ടി വികസന കോർപ്പറേഷനുമായി ചേർന്ന് ഇതിനായി പദ്ധതി ആവിഷ്കരിക്കുകയും നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഗുണമേൻമയുള്ള കശുമാവ് തൈകൾ വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം കൊല്ലത്ത് ഇതിനകം നടന്നു കഴിഞ്ഞിട്ടുണ്ട്.

(ഇ) കശുവണ്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായ് കേന്ദ്ര സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(ഇ) കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഹോർട്ടികൾച്ചർ മിഷൻ (National Horticulture mission) മുഖേന ധന സഹായം അർഹിക്കുന്ന ഒരു ഫോക്കസ് ക്രോപ്പ് (Focus Crop) ആണ് കശുമാവ് കൃഷി. അതിനാൽ മേൽ പറഞ്ഞ മിഷൻ മുഖേനയുള്ള പ്രത്യേക ധനസഹായം കശുമാവ് കൃഷിക്ക് ലഭ്യമാക്കാമെന്ന് കേന്ദ്ര കൃഷിമന്ത്രാലയം അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| (എഫ്) കരുവാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായ് വിപുലമായ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്). സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 43 | 24-6-2008ൽ മറുപടിക്ക്

## പോലീസ് സേനയുടെ നവീകരണം

ചോദ്യം

ശ്രീ കെ.വി.അബ്ദുൾ ഖാദർ
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. സി.എം. ദിനേശ് മണി
ശ്രീ .കെ.കെ.ദിവാകരൻ
ശ്രീ. സി.എച്ച്. കുഞ്ഞമ്പു

ഉത്തരം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

(എ) പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ :

(എ) പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പോലീസ് സ്റ്റേഷനുകളിലെയും , പോലീസ് ക്യാമ്പുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും യാത്രാ സൗകര്യം, വാർത്താവിനിമയ-- സൗകര്യം പരിശീലന സൗകര്യം മുതലായവ വർദ്ധിപ്പിക്കികയും , ഫോറൻസിക് സയൻസ് ലാബോറട്ടറി , ഫിംഗർപ്രിൻറ്ബ്യൂറോ എന്നിവ നവീകരിക്കികയും , കേസന്വേഷണത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ട്രാഫിക് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

| | |
|---|---|
| (ബി) കുറ്റാന്വേഷണത്തിന്റെയും, ക്രമസമാധാനത്തിന്റെയും ചുമതല വേർതിരിച്ച് നൽകിയതിന്റെ ഫലമായി പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ : | (ബി) കുറ്റാന്വേഷണത്തിന്റെയും, ക്രമസമാധാനത്തിന്റെയും ചുമതലകൾ വേർതിരിച്ച് നൽകിയ സ്ഥലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ഫലപ്രദമായി കേസുകൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ പൂർണ്ണതോതിലുള്ള വിലയിരുത്തൽ നടത്തുന്നതിന് , ബാക്കിയുള്ള സ്ഥലങ്ങളിലേക്ക് കൂടി ഈ പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ കഴിയുകയുള്ളൂ. ഇത് കൂടുതൽ ഫലപ്രദ-മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) എങ്കിൽ ഈ സംവിധാനം കൂടുതൽ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ : | (സി) നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ: | (ഡി) പോലീസ് സ്റ്റേഷനുകളും മറ്റ് പോലീസ് ആഫീസുകൾക്കും കമ്പ്യൂട്ടർവൽക്കരി-ക്കുന്നതിനായി കേന്ദ്രസർക്കാർ 2005ൽ ആവിഷ്ക്കരിച്ച Common Integrated Police (CIPA) -ൽ ഉൾപ്പെടുത്തി 2005-2006-ൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിലെ 44-പോലീസ് സ്റ്റേഷനുകളിലും 2006-2007-ൽ 136 പോലീസ് സ്റ്റേഷനുകളിലും ഈ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. വരുന്ന വർഷങ്ങളിൽ ഈ പദ്ധതിക്ക് മറ്റ് സ്ഥലങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സഹായം |

പ്രതീക്ഷിക്കുന്നു. പോലീസ് സേനയുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി പോലീസ് നവീകരണപദ്ധതിയിൽ ഉൾപ്പെടുത്തി 3.80 കോടിയുടെ കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള അനുമതി കെൽട്രോണിന് സ:ഉ(സാ) 894/2008/Home dated. 18-3-2008 പ്രകാരം നൽകിയിട്ടുണ്ട്.

(ഇ) പോലീസ് നവീകരണത്തിനായി കേന്ദ്രത്തിൽ നിന്നും ഈ വർഷം എത്ര കോടി രൂപ ലഭിക്കും എന്ന് അറിയിക്കുമോ ?

(ഇ) 2008-2009 വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും 24 കോടി രൂപ ലഭിക്കേണ്ടതിൽ ഇതിനകം 4 കോടി രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷത്തേക്ക് 28 കോടി രൂപ ലഭ്യമാക്കുന്നതിന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 44      24/6/ 2008 - ൽ മറുപടിക്ക്

### വനിതാ സെല്ലിന്റെ പ്രവർത്തനം

**ചോദ്യം**      **ഉത്തരം**

ശ്രീമതി. ജെ. അരുന്ധതി :
ശ്രീമതി. പി. അയിഷാ പോറ്റി :
ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരംഭിച്ച വനിതാ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ സെല്ലിന് കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (ബി) സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരംഭിച്ച വനിതാ സെല്ലുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും വനിതാ സെല്ലിന്റെ ജില്ലാ ആസ്ഥാനങ്ങളിൽ അതാത് സ്ഥലങ്ങളിലെ ജനപ്രതിനിധികൾ, വനിതാ സാമൂഹ്യ പ്രവർത്തകർ, ജേർണലിസ്റ്റുകൾ, വക്കീലന്മാർ, കൗൺസിലേഴ്സ്, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, ഡോക്ടർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ജില്ലാ ഉപദേശകസമിതി പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കും സ്ത്രീകൾ നേരിടുന്ന പീഡനങ്ങളെക്കുറിച്ച് മറ്റുള്ളവരെ ബോധവാന്മാർ ആക്കുന്നതിനുമായി എല്ലാ |

| | |
|---|---|
| | ജില്ലകളിലും അതാതു വനിതാ സെല്ലിന്റെ ആഭിമുഖ്യത്തിൽ സെമിനാറുകളും അദാലത്തും നടത്തിവരുന്നു. അദാലത്തുകൾ അതാതു ജില്ലകൾതോറും സംഘടിപ്പിച്ചതിൽ ഓരോ ജില്ലയിലും ശരാശരി 200 ൽപരം ആളുകൾ പങ്കെടുക്കുകയുണ്ടായി. ധാരാളം പരാതികൾ ഉടൻ തന്നെ പരിഹരിക്കുന്നതിന് അദാലത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളെ പീഡിപ്പിക്കുന്ന കേസ്സുകളുടെ പുരോഗതി വിലയിരുത്തുന്ന പ്രവർത്തനവും അതാത് ജില്ലകളിൽ നേരിട്ട് റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ത്രീപീഡന കേസ്സുകളുടെ അന്വേഷണ പുരോഗതി വിലയിരുത്തുന്ന പ്രവർത്തനവും കൂടുതൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അതുകൂടാതെ വനിതാ സെല്ലുകളുടെ നേതൃത്വത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കു മായിട്ടുള്ള ബോധവൽക്കരണ സെമിനാറുകൾ നടത്തുന്നുമുണ്ട്.<br>സ്ത്രീകളെയും കുട്ടികളെയും സഹായിക്കു ന്നതിലേയ്ക്കായി 24 മണിക്കൂറും പ്രവർത്തനക്ഷമമായ ഹെൽപ്പ്ലൈനുകൾ, വനിതാ സെല്ലുകളുടെ നേതൃത്വത്തിൽ ചില ജില്ലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ പ്രവർത്തനം അവലോകനം ചെയ്ത് ആയത് കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ട്. സെല്ലുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിലേയ്ക്കായി കമ്പ്യൂട്ടറുകളും, അതിനോടനുബന്ധിച്ചുള്ള മറ്റ് |

| | |
|---|---|
| | ഉപകരണങ്ങളും, ഗവൺമെന്റ് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) വനിതാ സെല്ലുകൾ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) സ്വീകരിക്കുന്നതാണ്. |
| (ഡി) വനിതാ സെല്ലുകളിൽ ഇപ്പോൾ എത്ര പരാതികൾ കെട്ടിക്കിടക്കുന്നു എന്ന് അറിയിക്കാമോ ; | (ഡി) സംസ്ഥാനത്തുള്ള 17 വനിതാ സെല്ലുകളിലും സ്റ്റേറ്റ് വനിതാ സെല്ലുകളിലുമായി 31.05.2008 വരെ 275 പരാതികൾ ഇപ്പോൾ അന്വേഷിച്ച് തീർപ്പു കല്പിക്കാൻ അവശേഷിക്കുന്നുണ്ട്. |
| (ഇ) വനിതാ പോലീസിന്റെ ക്ഷേമത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (ഇ) പുരുഷ പോലീസ്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും വനിതാ പോലീസുകാർക്കും നൽകി വരുന്നതിനു പുറമേ വനിതാ സെല്ലുകളിൽ പ്രവർത്തിക്കുന്ന വനിതാ പോലീസുകാരുടെ ഡ്യൂട്ടി കാര്യക്ഷമമാക്കുന്നതിനായി 80 കൈനറ്റിക് സ്കൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. വനിതാ സെല്ലുകളുടെ കാര്യക്ഷമത കൂടുതൽ വർദ്ധിപ്പിക്കുന്നതിലേക്കായി എല്ലാ വനിതാ സെല്ലുകളിലും കമ്പ്യൂട്ടറുകളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 45** | **24.06.2008-ലെ മറുപടിയ്ക്ക്**

# കാർഷികോൽപ്പന്നങ്ങളുടെ വിലതകർച്ച

**ചോദ്യം**

ശ്രീ. യു.സി. രാമൻ
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

**മറുപടി**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) കാർഷികോൽപ്പന്നങ്ങളുടെ വില തകർച്ച തടയാൻ കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ ആവിഷ്ക്കരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

എ) കാർഷികോൽപ്പന്നങ്ങളുടെ വിലതകർച്ച തടയാൻ കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് കൊപ്ര സംഭരണം, നെല്ല് സംഭരണം എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നാഫെഡ്, കേരഫെഡ് എന്നിവ മുഖാന്തിരമാണ് കൊപ്ര സംഭരണം നടത്തി വരുന്നത്. കൊപ്രയ്ക്ക് ക്വിന്റലിന് 3660 രൂപയും ഉണ്ടകൊപ്രയ്ക്ക് 3910 രൂപയുമായി നിശ്ചയിച്ചതായി നാഫെഡ് അറിയിച്ചിട്ടുണ്ട്.

ബി) സംസ്ഥാന സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ ഈ കാര്യത്തിൽ ഇതുവരെയായി കൈക്കൊണ്ടു;

ബി) കൊപ്ര സംഭരണം ഉദ്ദേശിച്ച ലക്ഷ്യം നേടാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ കൊപ്ര സംഭരണത്തിന് പകരം പച്ച തേങ്ങ സംഭരിക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയും കേരഫെഡിനെ നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. വെട്ടിത്തൂക്കിയ പച്ച നാളികേരം ഒന്നിന് 4 രൂപ 40 പൈസ നിരക്കിൽ സംഭരിക്കുന്നതിന് സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുകയും ചെയ്തു.

സംസ്ഥാനത്ത്, സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരമാണ്

നിലവിൽ നെല്ല് സംഭരണം നടത്തിവരുന്നത്. കർഷകരുടെ നെല്ലിന് ന്യായവില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 22.3.2008 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 6/08/എഫ് & സി.എസ്.ഡി. എന്ന ഉത്തരവ് പ്രകാരം നെല്ലിന് രാജ്യത്തെ ഏറ്റവും ഉയർന്ന താങ്ങുവിലയായ കിലോയ്ക്ക് 10 രൂപ നിരക്കിലാണ് സംസ്ഥാന സർക്കാർ സംഭരിക്കുന്നത്.

സി) ഭാവിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു?

സി) വിലത്തകർച്ചയിൽ നിന്ന് പരിരക്ഷ നൽകുന്നതിനായി ഒരു 'വിലസ്ഥിരതാ ഫണ്ട്' (Price Stabilization Fund) രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 46 24/6/2008-ൽ മറുപടിക്ക്**

**ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ രൂപീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ;<br>ശ്രീ.ജോർജ് മേഴ്സിയർ;<br>ശ്രീ. കെ.അച്ചുതൻ; | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു. കൃഷി വകുപ്പു മന്ത്രി) |
| എ) ഭക്ഷ്യസുരക്ഷാ പദ്ധതിക്ക് രൂപം നൽകണമെന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം നൽകുമോ; | എ) 53-ാം ദേശീയ വികസന കൗൺസിൽ തീരുമാനപ്രകാരം കാർഷിക മേഖല പുനർ ജീവിപ്പിക്കുന്നതിനും, 4% വളർച്ചാനിരക്ക് ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചത്. നെല്ല്, ഗോതമ്പ്, പയർ വർഗ്ഗങ്ങൾ എന്നീ വിളകളുടെ വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തെ, കേന്ദ്രം ഈ പദ്ധതി ആദ്യം പ്രഖ്യാപിക്കുമ്പോൾ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാനം പാലക്കാട്, സമഗ്ര കുട്ടനാട്, മലപ്പുറം ഉൾപ്പെടെയുള്ള തൃശ്ശൂർ കോൾ എന്നീ നെൽകൃഷി മേഖലകളെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയെ ഈ പദ്ധതിയിൽ നെൽമേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഉള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. |
| ബി) ഈ നിർദ്ദേശം ലഭിച്ചതെന്നാണ്; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുമോ; എങ്കിൽ എന്ത് സഹായം ലഭിക്കും; | ബി) പാലക്കാട് ജില്ലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള കത്ത് 24.01.2008-ൽ ലഭിച്ചു. ഇതിൻ പ്രകാരം 195.87 ലക്ഷം രൂപയുടെ കർമ്മ പദ്ധതി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവെങ്കിലും, 162.15 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാർ ആദ്യം അംഗീകരിച്ചിട്ടുള്ളത്. വീണ്ടും സംസ്ഥാന സർക്കാർ നിവേദനം നടത്തുകയും ഇപ്പോൾ 188.86 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സി) ഈ പദ്ധതിക്ക് രൂപം നൽകി അംഗീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണമെന്ത്;

സി) കേന്ദ്രാനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകില്ല..

ഡി) ഭക്ഷ്യസുരക്ഷാ പദ്ധതിക്കു വേണ്ടി പ്ലാനിംഗ് ബോർഡ് എന്തെങ്കിലും പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

ഇ) എങ്കിൽ വിശദാംശം നൽകുമോ; ഇതിനവേണ്ടി കൃഷിവകുപ്പ് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ഡി) & ഇ. ഉണ്ട്.

അന്തർദേശീയ തലത്തിലും. രാജ്യത്തുംഉള്ളവായിട്ടുള്ള പ്രത്യേക സാഹചര്യം നിമിത്തവും, റേഷൻ വിഹിതം വെട്ടിക്കുറച്ചത് നിമിത്തവും സംസ്ഥാൻ അഭിമുഖീകരിക്കുന്ന ഭക്ഷ്യ പ്രതിസന്ധി അതിജീവിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലാണ്. ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഭക്ഷ്യോത്പാദന വർദ്ധനവിന് വേണ്ടി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വന്ന പദ്ധതികളായ നെൽ ഉത്പാദനവർദ്ധനവിന് വേണ്ടിയുള്ള 'കേരളശ്രീ' പച്ചക്കറി ഉത്പാദനവർദ്ധനവിന് വേണ്ടിയുള്ള 'ഹരിതശ്രീ', നാളികേര കൃഷിയുടെ പുനഃരുജ്ജീവനത്തിനുള്ള "കേരശ്രീ' പദ്ധതികൾ കൂടുതൽ വിപുലമായ രീതിയിൽ നടപ്പിലാക്കി വരുകയാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 47 24.06.2008ൽ മറുപടിക്ക്

വൈദ്യുതിബോർഡ് കമ്പനികളായി വിഭജിക്കാൻനടപടി

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി:<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി: | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് കമ്പനികളായി വിഭജിക്കുന്നതിന് ഉദ്ദേശമുണ്ടോ ; | (എ) കേന്ദ്ര നിയമമായ ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം വൈദ്യുതി ബോർഡിനെ കമ്പനിയാക്കി പുന:സംഘടിപ്പിക്കേണ്ടതുണ്ട്. എന്നാൽ ആക്ടിലെ 172-ാം വകുപ്പു പ്രകാരം സേറ്റ്റ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റി ആൻറ് ലൈസൻസി എന്ന നിലയിൽ പുന:സംഘടനക്കുള്ള കാലാവധി നീട്ടി നൽകാൻ കേന്ദ്രസർക്കാരിന് അധികാരമുണ്ട് അതുപ്രകാരം കാലാവധി നീട്ടിവാങ്ങിയാണ് ഇപ്പോൾ വൈദ്യുതിബോർഡ് പ്രവർത്തിക്കുന്നത്. 2008 ജൂൺ 30നകം പുന:സംഘടനക്കുള്ള റോഡ് മാപ്പ് സമർപ്പിക്കണമെന്ന വ്യവസ്ഥയിലാണ് ജൂൺ 9 മുതൽ മൂന്നു മാസത്തേക്ക് ബോർഡ് പുന:സംഘടനക്കുള്ള കാലാവധി കേന്ദ്രസർക്കാർ നീട്ടി നൽകിയിട്ടുള്ളത്. കേന്ദ്ര സർക്കാർ കാലാവധി നീട്ടി നൽകാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബിയെ കമ്പനിയാക്കി മാറ്റേണ്ടിവരും. എന്നാൽ ബോർഡിനെ വിഭജിക്കാതെ ഒറ്റ പൊതുമേഖലാ സ്ഥാപനമായി നിലനിറുത്താനാണ് സർക്കാർ ആലോചിക്കുന്നത്. |
| (ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ; | (ബി) കെ.എസ്.ഇ.ബി യെ പുന : സംഘടിപ്പിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു എക്സ്പർട്ട് കമ്മിറ്റിയെ കേരള സർക്കാർ നിയ |

| | | | |
|---|---|---|---|
| | | | മിക്കുകയും കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്. |
| (സി) | കമ്പനിയാക്കി മാറ്റുന്നതിന് എന്തെങ്കിലും സമയപരിധി നിലവിലുണ്ടോ; | (സി) | കെ.എസ്.ഇ.ബിയെ **State Transmission Utility and a Licensee** ആയി തുടരുന്നതിന് ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 172 **(a)** പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചു തന്ന കാലാവധി 09-09-08 ന് അവസാനിക്കുന്നതാണ് |
| (ഡി) | കമ്പനികളാക്കി മാറ്റുന്നതുകൊണ്ട് എന്ത് പ്രയോജനമാണ് ഉണ്ടാകുന്നതെന്നും ഉപഭോക്താക്കൾക്ക് എന്തെല്ലാം ഗുണമാണുണ്ടാകുകയെന്നും വെളിപ്പെടുത്തുമോ ? | (ഡി) | കെ.എസ്.ഇ.ബിയെ കമ്പനിവൽക്കരിക്കുന്നത് മൂലം എന്തെങ്കിലും ഗുണമുണ്ടാവുമെന്ന് സർക്കാർ കരുതുന്നില്ല. |

K.G. Murakami

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യനംപർ **48** | **24-6-2008** -ലെ മറുപടിക്ക്.

**കിസാൻശ്രീ കർഷകസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ്,<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പുമന്ത്രി) |
| (എ) കിസാൻശ്രീ കർഷകസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;<br><br>(ബി) ഇതിനകം എത്രപേർ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്; | (എയും ബിയും) ദേശസാൽകൃത കമ്പനികളായ യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ്, നാഷണൽ ഇൻഷ്വറൻസ് എന്നീ കമ്പനികളുടെ സഹകരണത്തോടെ സംസ്ഥാനത്തെ 18 നും 70 നും മദ്ധ്യേ പ്രായമുള്ളവരും 2 ഹെക്ടർ വരെ കൃഷി ഭൂമിയുള്ളവരുമായ കൃഷിയെമാത്രം ആശ്രയിച്ച് ഉപജീവനം കഴിക്കുന്ന 520836 കർഷകരെയാണ് ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ പരിധിയിൽ അപകടംമൂലമുണ്ടാകുന്ന മരണം, സ്ഥിരവും പൂർണവുമായ അംഗവൈകല്യം, മലമുകളിൽ നിന്നോ കുന്നിൻചരിവുകളിൽ നിന്നോ സംഭവിക്കുന്ന വീഴ്ച, മൃഗങ്ങളുടെയോ ഇഴജന്തുക്കളുടെയോ പ്രാണികളുടെയോ ദംശനം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ഭൂമികുലുക്കം, കൊടുങ്കാറ്റ്, ഇടിമിന്നൽ തുടങ്ങിയ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന മരണം, സ്ഥിരവും പൂർണവുമായ അംഗവൈകല്യം, ഭീകരാക്രമണം |

കൊണ്ടുണ്ടാകുന്ന മരണം, അംഗവൈകല്യം ഇവ ഉൾപ്പെടുത്തിയിരിക്കുന്നു.

കർഷകർക്കുവേണ്ടി മുഴുവൻ പ്രീമിയം തുകയും സർക്കാർ വഹിക്കുന്നതാണ്.

(സി) പ്രീമിയം ഇനത്തിൽ പ്രതിവർഷം എന്തുതുകയാണ് സർക്കാർ അടയ്ക്കേണ്ടത്; പദ്ധതിപ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) ഒരു കർഷകന് 16 രൂപ ക്രമത്തിൽ 520836 കർഷകർക്കുള്ള പ്രീമിയം തുകയായ 83,33,376/- രൂപ സർക്കാർ അടച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ഇൻഷ്വർ ചെയ്ത കർഷകന് ലഭിക്കുന്നതാണ്.

| | തുക രൂപയിൽ |
|---|---|
| i) എല്ലാവിധത്തിലുള്ള അപകടമരണം | 100000/- |
| ii) രണ്ടുകൈകളോ കാലുകളോ, ഒരുകയ്യും ഒരുകാലുമോ രണ്ടു കണ്ണുകളുടെയും കാഴ്ചയോ അല്ലെങ്കിൽ ഒരുകണ്ണിന്റെ കാഴ്ചയും ഒരുകൈയ്യോ കാലോ നഷ്ടപ്പെട്ടാൽ | 100000/- |
| iii) ഒരുകൈയ്യോ/കാലോ ഒരുകണ്ണിന്റെ കാഴ്ചയോ നഷ്ടപ്പെട്ടാൽ | 50000/- |
| iv) മേൽപറഞ്ഞപ്രകാരമല്ലാത്ത സ്ഥിരമായിട്ടുള്ള അംഗവൈകല്യം | 100000/- |

(ഡി) പദ്ധതിപ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ലളിതമായ നടപടിക്രമങ്ങൾ ആവിഷ്ക്കരിക്കുമോ?

(ഡി) പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാണ്.

Jeganathan Nair

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 49

24.06.2008-ലെ മറുപടിയ്ക്ക്

## നെല്ലിന്റെ താങ്ങുവില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. സുധാകരൻ<br>പ്രൊഫ. കെ.വി. തോമസ് | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടായിരുന്നോ; | എ) ഉണ്ടായിരുന്നു. |
| ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത്; | ബി) 2008-09 സീസണിലെ ഖാരിഫ് വിളയുടെ താങ്ങുവിലയായി സാധാരണ നെല്ലിന് ക്വിന്റലിന് 1000/- രൂപയും 'A' ഗ്രേഡ് നെല്ലിന് 1050/- രൂപയും എന്ന നിരക്കിൽ അഗ്രിക്കൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് കമ്മീഷൻ ശുപാർശകൾ 2007-08 സീസണിലേക്കാൾ ഉയർന്നതാകയാൽ ഈ ശുപാർശകളെ സ്വാഗതം ചെയ്തുകൊണ്ടാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് മറുപടി നൽകിയത്. ഈ മറുപടിയിൽ അതത് സംസ്ഥാനങ്ങളിലെ ഉല്പാദനച്ചെലവ് കണക്കിലെടുത്തുകൊണ്ട് താങ്ങുവില തീരുമാനിക്കുന്നതിന് ഒരു ശാസ്ത്രീയരീതി അവലംബിക്കണമെന്നും, നിലവിൽ കേരളത്തിലെ ഒരു നെല്ലിനങ്ങളും 'A' ഗ്രേഡ് പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ കേരളത്തിന്റെ തനത് നെല്ലിനങ്ങളായ മട്ട, ചമ്പ, പൊക്കാളി എന്നിവയെ |

'A' ഗ്രേഡിൽ ഉൾപ്പെടുത്തി താങ്ങുവില പ്രഖ്യാപിക്കണമെന്നും സംസ്ഥാനം നിർദ്ദേശിച്ചിരുന്നു.

സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും യാതൊരു പ്രതികരണവും ലഭിച്ചിരുന്നില്ലെന്ന കേന്ദ്ര മന്ത്രാലയത്തിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) കേന്ദ്ര ധന മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ യാതൊരു നിർദ്ദേശവും സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഡി) ഗോതമ്പിന്റെ താങ്ങുവില കേന്ദ്രം വർദ്ധിപ്പിച്ച് തീരുമാനിച്ച അവസരത്തിൽ തന്നെ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 12.11.2007-ൽ ബഹു: കേന്ദ്ര കൃഷി വകുപ്പ് മന്ത്രിയ്ക്ക് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി കത്തയച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ 11.4.2008 ലെ 10151/എൻ.സി.എ1/08/കൃഷി നമ്പർ കത്തു പ്രകാരം കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസിന്റെ 2008-09 സീസണിലെ ഖാരിഫ് വിളയുടെ താങ്ങുവില സംബന്ധിച്ച ശുപാർശ സ്വാഗതം ചെയ്തുകൊണ്ട് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം തന്നെ കൃഷി മന്ത്രാലയത്തിലെ പ്രിൻസിപ്പൽ അഡ്വൈസർക്കും നിർദ്ദേശങ്ങളടങ്ങിയ കത്തയച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 50

24.6.2008-ൽ മറുപടിയ്ക്ക്

ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ശക്തൻ<br>ശ്രീ.കെ. സി.ജോർജ്<br>ശ്രീ.സി. പി.മുഹമ്മദ് | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി ആരംഭിച്ചുകഴിഞ്ഞോ; | (എ) ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കേരളത്തിലെ പാലക്കാട് ജില്ലയെ നെൽകൃഷിക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കുവാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) ആരംഭിച്ചുവെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ നെല്ല്, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. പാലക്കാട് ജില്ലയിൽ നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| (സി) പദ്ധതി നടത്തിപ്പിനോ മോണിറ്ററിംഗിനോ ഏതെങ്കിലും ഉന്നത തല സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമിതിയുടെ ഘടന വെളിപ്പെടുത്തുമോ? | (സി) കേന്ദ്ര മാർഗ്ഗ നിർദ്ദേശ പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാന തല എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:51    24-06-2008 ൽ മറുപടിയ്ക്ക്

### വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. സി.എം. ദിനേശ്മണി<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ | മന്ത്രി.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലഭ്യമാകുന്ന എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്താൻ ലക്ഷ്യം വയ്ക്കുന്നു. വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നേര്യമംഗലം എക്സ്റ്റൻഷൻ സ്കീം (25 മെഗാവാട്ട്) 2008 മെയ്മാസം കമ്മീഷൻ ചെയ്തു. 40 മെഗാവാട്ടിന്റെ തൊട്ടിയാർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിനുള്ള കരാർ 13.06.2008 ൽ നൽകിയിട്ടുണ്ട്. അതിരപ്പിള്ളി (163 MW), ബാരപ്പോൾ (21 MW) , മണിയാർ ടെയിൽ റേസ് (4 MW), പുഴിത്തോട് (4.8 MW) എന്നീ പദ്ധതികളുടെ നിർമ്മാണത്തിനുള്ള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. 3.5 - 5 മെഗാവാട്ട് ശേഷിയുള്ള രാമക്കൽമേട് വിൻഡ് പ്രൊജക്ടിന്റെ നിർമ്മാണത്തിനുള്ള ടെണ്ടറും ക്ഷണിച്ചിട്ടുണ്ട്. ഇവ കൂടാതെ സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലുള്ള ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു. |

| | |
|---|---|
| | ഒറീസ്സയിലെ ബൈതരണി കോൾ ബ്ലോക്കിൽ നിന്നും 1000 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഗുജറാത്ത്, ഒറീസ്സ എന്നീ സംസ്ഥാനങ്ങൾക്കൊപ്പം കേരളത്തിനനുവദിച്ചു കിട്ടിയ കോൾ ബ്ലോക്കിൽ നിന്നും കൽക്കരി ഖനനം ആരംഭിക്കുന്നതിന് ഗുജറാത്ത് പവർ കോർപ്പറേഷൻ ലിമിറ്റഡ് (ജിപിസിഎൽ), ഒറീസ്സാ ഹൈഡ്രോ പവർ കോർപ്പറേഷൻ (ഒഎച്ച്പിസി) എന്നിവയ്ക്കൊപ്പം കെഎസ്.ഇ.ബി യും ചേർന്ന് സംയുക്ത സംരംഭമായി 'ബൈതരണി വെസ്റ്റ് കോൾ കമ്പനി ലിമിറ്റഡ്' എന്ന കമ്പനി രൂപീകരിച്ചു. ഖനന പ്രക്രിയക്കുള്ള തുടർ നടപടികളുമായി കമ്പനി പ്രവർത്തനം പുരോഗമിക്കുന്നു. |
| ബി) ഊർജ്ജ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എത്ര മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കേണ്ടതുണ്ടെന്ന് അറിയിക്കുമോ; | ബി) 17 -ാം പവർ സർവ്വെ പ്രകാരം 2011 - 12 വർഷത്തിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത 3528 MW ആയി കണക്കാക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ മൊത്തം സ്ഥാപിതശേഷി 2499 MW ആണ്. കൂടാതെ 1041 MW കേന്ദ്ര വിഹിതമുണ്ട്. ഇതനുസരിച്ച് കണക്കാക്കുമ്പോൾ ഏകദേശം 2840 MW ആണ് പ്രതിദിന ലഭ്യത. എന്നാൽ 670 MW മാത്രമാണ് കേന്ദ്രപൂളിൽ നിന്ന് ഇപ്പോൾ ലഭ്യമാവുന്നത്. കേന്ദ്രവിഹിതം പൂർണ്ണതോതിൽ ലഭ്യമായാൽ പോലും 2012 ആകുമ്പോഴേക്കും 869 MW സ്ഥാപിതശേഷി വർദ്ധനവ് ആവശ്യമാണ്. |
| സി) വൈദ്യുത പദ്ധതികളുടെ ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | സി) വൈദ്യുത പദ്ധതികളുടെ ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നുണ്ട്. വൈദ്യുതി പദ്ധതികളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓഗ്മെന്റേഷൻ/ ഡൈവേർഷൻ സ്കീമുകൾ വൈദ്യുതി ബോർഡ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ട്. കൂടാതെ കാലപ്പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ ശേഷി വർദ്ധിപ്പിക്കാനുള്ള നടപടികളും ബോർഡ് സ്വീകരിച്ചു വരുന്നു. |
| ഡി) പുതുതായി കമ്മീഷൻ ചെയ്ത നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി മുഖേന എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുവെന്ന് അറിയിക്കുമോ; | ഡി) 25 മെഗാവാട്ട്. |

| | | | |
|---|---|---|---|
| ഇ) | ഒറീസയിലെ കൽക്കരി വൈദ്യുതി നിലയത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | ഇ) | ഒറീസ്സയിലെ 'ബൈതരണി' കൽക്കരി പാടത്തിൽ നിന്നും കേരളത്തിന് ഗുജറാത്ത്, ഒറീസ്സ എന്നീ സംസ്ഥാനങ്ങളോടൊപ്പം സംയുക്തമായി അനുവദിച്ചു കിട്ടിയ കോൾ ബ്ലോക്കിൽ നിന്നും കൽക്കരി ഖനനം ആരംഭിക്കുന്നതിന് 'ബൈതരണി വെസ്റ്റ് കോൾ കമ്പനി ലിമിറ്റഡ്' എന്ന സംയുക്ത സംരംഭം രൂപീകരിച്ചു കഴിഞ്ഞു. ഖനന പ്രക്രിയയുടെ തുടർ നടപടികളുമായി കമ്പനി പ്രവർത്തനം പുരോഗമിക്കുന്നു. |
| എഫ്) | പുതുതായി ആരംഭിക്കുന്ന ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | എഫ്) | വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

### എ) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ

| ക്രമ. നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (മെഗാവാട്ട്) | ഉല്പാദന ശേഷി (ദശലക്ഷം യൂണിറ്റ്) | പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള തീയതി |
|---|---|---|---|---|
| 1. | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം | 100 MW | 240.5 Mu | 31.03.2009 |
| 2. | കുറ്റ്യാടി റ്റെയിൽ റേസ് സ്കീം | 3x1.25 MW | 3.75 Mu | 31.12.2008 |
| 3. | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW | 153.9 Mu | 01.03.2011 |
| 4. | ആഢ്യൻപാറ ചെറുകിട ജല വൈദ്യുത പദ്ധതി | 3.5 MW | 9.01 Mu | 30.09.2009 |

### ബി) ഉടനടി ടെൻഡർ ചെയ്യുവാൻ നടപടി എടുത്തു വരുന്ന പ്രൊജക്ടുകൾ

| ക്രമ. നമ്പർ | പ്രൊജക്ട് | സ്ഥാപിതശേഷി/ ഉല്പാദനശേഷി |
|---|---|---|
| 1. | ചെങ്കുളം ടെയിൽ റേസ് | 3.6 MW |
| 2. | ചെങ്കുളം ഓഗ്മെന്റേഷൻ | 85 Mu |
| 3. | പീച്ചി | .1.5 MW |
| 4. | വിലങ്ങാട് | 7.5 MW |
| 5. | ചാത്തൻകോട്ടുനട - II | 6 MW |
| 6. | മാങ്കുളം | 40 MW |

-------

## സി) വിശദമായ പ്രൊജക്ട് റിപ്പോർട്ടു (DPR) കൾ തയ്യാറാക്കിയിട്ടുള്ള ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിതശേഷി (മെഗാവാട്ട്) |
|---|---|---|
| 1. | പൂയംകുട്ടി | **210 MW** |
| 2. | പാമ്പാർ | **40 MW** |
| 3. | വക്കല്ലാർ | **24 MW** |
| 4. | ആനക്കാംപൊയിൽ | **7.5 MW** |
| 5. | കണ്ടപ്പൻചാൽ | **3.75 MW** |
| 6. | അച്ചൻകോവിൽ | **30 MW** |
| 7. | പശുക്കടവ് | **2 MW** |
| 8. | ചിന്നാർ | **28 MW** |
| 9. | അപ്പൻകല്ലാർ | **2 MW** |
| 10 | വീച്ചാട് | **3 MW** |
| 11. | പൊരുഫാൾസ് | **16 MW** |

## ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്ന പ്രൊജക്ടുകൾ

| ക്രമ നമ്പർ | പ്രൊജക്ട് | സ്ഥാപിതശേഷി |
|---|---|---|
| 1. | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ ടെയിൽറേസ് സ്കീം | **3.5 MW** |
| 2. | കണ്ണൻകുഴി | **7 MW** |
| 3. | ചെമ്പുക്കടവ് III | **6 MW** |
| 4. | പൂഞ്ചോല | **3 MW** |
| 5. | പതംകയം | **4.5 MW** |
| 6. | മാർമല | **4 MW** |

(signature)

## അനുബന്ധം - II

### പുതുതായി ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പ്രൊജക്ട് | സ്ഥാപിതശേഷി |
|---|---|---|
| 1. | തൊട്ടിയാർ | 40 മെഗാവാട്ട് |
| 2. | അതിരപ്പിള്ളി | 163 മെഗാവാട്ട് |
| 3. | ബാരപ്പോൾ | 21 മെഗാവാട്ട് |
| 4. | പൂഴിത്തോട് | 4.8 മെഗാവാട്ട് |
| 5. | മണിയാർ ടെയിൽ റേസ് | 4 മെഗാവാട്ട് |
| 6. | ചെങ്കുളം ടെയിൽ റേസ് | 3.6 മെഗാവാട്ട് |
| 7. | ചെങ്കുളം ഓഗ്മെന്റേഷൻ | 85 മില്യൺ യൂണിറ്റ് |
| 8. | പീച്ചി | 1.5 മെഗാവാട്ട് |
| 9. | വിലങ്ങാട് | 7.5 മെഗാവാട്ട് |
| 10. | ചാത്തൻകോട്ടുനട II | 6 മെഗാവാട്ട് |
| 11. | പശുക്കടവ് | 2 മെഗാവാട്ട് |
| 12. | പെരുന്തേനരുവി | 6 മെഗാവാട്ട് |
| 13. | മാങ്കുളം | 40 മെഗാവാട്ട് |
| 14. | അച്ചൻകോവിൽ | 30 മെഗാവാട്ട് |
| 15. | ചിന്നാർ | 28 മെഗാവാട്ട് |
| 16. | ആനക്കയം | 8 മെഗാവാട്ട് |

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 52** **24/06/2008-ൽ മറുപടിക്ക്**

## ആദിവാസി ക്ഷേമ പദ്ധതികൾക്കുള്ള വികസന തന്ത്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ് | ശ്രീ. എ.കെ. ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും<br>വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആദിവാസി മേഖലയുടെ വികസനം, ആദിവാസി ക്ഷേമം എന്നിവ സംബന്ധിച്ച പദ്ധതികൾക്ക് രൂപം കൊടുക്കുമ്പോൾ സ്വീകരിക്കുന്ന വികസന തന്ത്രം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഓരോ പഞ്ചവത്സര പദ്ധതിയിലും ആദിവാസി മേഖലയുടെ വികസനത്തിനും ആദിവാസി ക്ഷേമത്തിനുള്ള പദ്ധതികൾക്കും ഏതു രീതിയിൽ രൂപം നൽകണമെന്ന് സർക്കാർ നയരൂപീകരണം നടത്തി വരുന്നു. സംസ്ഥാനത്തെ ആദിവാസികൾ ആകെ ജനസംഖ്യയുടെ 1.14 ശതമാനമാണ് (4 ലക്ഷം പേർ). എന്നാൽ പ്രസ്തുത വിഭാഗത്തിന്റെ വികസനത്തിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നത് സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ 2 ശതമാനം തുകയാണ്. സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾ എല്ലാം തന്നെ ഉൾപ്രദേശങ്ങളിലും വനത്തിനുള്ളിലുമായി അധിവസിക്കുന്നതിനാൽ പ്രസ്തുത വിഭാഗങ്ങളുടെ ആവശ്യാനുസരണമുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ല. ഇതര ജന വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകം ഗോത്രങ്ങളായി ആദിവാസികൾ അധിവസിക്കുന്നതിനാൽ ഓരോ പട്ടിക വർഗ്ഗ പ്രദേശത്തിനും ആവശ്യം വേണ്ട ഭൗതിക സജ്ജീകരണങ്ങൾ, സാമ്പത്തിക വികസനത്തിനും, സാംസ്കാരിക ഉന്നമനത്തിനും ആവശ്യ |

| | |
|---|---|
| | മായ പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. ഇത്തരത്തിൽ XI -ാം പദ്ധതിക്കാലത്ത് ആദിവാസി വികസനത്തിനായി സ്വീകരിച്ചിട്ടുള്ള തന്ത്രം:-<br><br>എല്ലാ ആദിവാസി കുടുംബങ്ങൾക്കും വാസയോഗ്യമായ വീട്, വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുക; അതോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യം, സ്വയം തൊഴിൽ മേഖലകളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുക; ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമി നൽകുക; സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുക; വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതി; ഗ്രൂപ്പ് ഫാമുകളുടെ പുനരുദ്ധാരണം; വിദ്യാഭ്യാസാനുകൂല്യങ്ങളിൽ കാലോചിതമായ വർദ്ധനവ് നടപ്പാക്കുക; മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പണി പൂർത്തീകരണം; പ്രീമെട്രിക് ഹോസ്റ്റലുകളുടെ നവീകരണം എന്നിവയാണ് മുൻഗണന നൽകിയിട്ടുള്ള മേഖലകൾ. ഇതിന് പുറമെ ആദിവാസി സമൂഹത്തിന്റെ തനതുസംസ്കാരം, കലാരൂപങ്ങൾ, വൈജ്ഞാനികമേഖലകൾ എന്നിവയുടെ സംരക്ഷണവും, തൊഴിൽ പരമായ വൈദഗ്ദ്ധ്യം പരിപോഷിപ്പിക്കലും സർക്കാർ നയമാണ്. |
| (ബി) ഓരോ വർഷവും ആദിവാസി വികസനത്തിന് കൈവരിക്കേണ്ട നേട്ടങ്ങൾ എന്തെന്ന് ലക്ഷ്യമിടാറുണ്ടോ; | (ബി) ഉണ്ട് |
| (സി) എങ്കിൽ ഈ ലക്ഷ്യം എന്തുമാത്രം കൈവരിച്ചു എന്ന് വിശകലനം ചെയ്യാറുണ്ടോ; | (സി) വകുപ്പ് തലത്തിലും സർക്കാർ തലത്തിലും വിശകലനം ചെയ്യാറുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ആദിവാസി മേഖലയിൽ കൈവരിക്കാനുദ്ദേശിച്ച പദ്ധതി ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അതിൽ ഏതൊക്കെ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) 2006 - 07, 2007 - 08 സാമ്പത്തിക വർഷങ്ങളിൽ ആദിവാസി മേഖലയിൽ കൈവരിക്കാനുദ്ദേശിച്ച പദ്ധതി ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടവ:-<br><br>3000 പുതിയ വീടുകളുടെ നിർമ്മാണം, 500 പട്ടിക വർഗ്ഗ കോളനികളുടെ വൈദ്യുതീകരണം, 200 പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളസൗകര്യം ലഭ്യമാക്കൽ, 3000 ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകൽ, ഗ്രൂപ്പ് ഫാമുകളുടെ പുനരുദ്ധാരണം, പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പ്രവേശന പരീക്ഷ എഴുതുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലന പരിപാടി, വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്കുള്ള സമഗ്ര പദ്ധതി, മെസ്സ് അലവൻസ്, യൂണിഫോം അലവൻസ് എന്നിവ വർദ്ധിപ്പിക്കൽ, എല്ലാ പ്രീമെട്രിക് ഹോസ്റ്റലുകളുടെയും നവീകരണം, കൃഷി, വ്യവസായം, കയർ, മറ്റു പരമ്പരാഗത തൊഴിലുകൾ എന്നിവയുമായി ബന്ധപ്പെട്ട പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം, കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജിന് കെട്ടിട നിർമ്മാണം, വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കൽ എന്നിവയാണ്.<br><br>പദ്ധതി ലക്ഷ്യങ്ങളിൽ കഴിഞ്ഞ രണ്ടു വർഷങ്ങളായി കൈവരിച്ചിട്ടുള്ള പ്രധാന നേട്ടങ്ങൾ:-<br><br>1. സ്പിൽ ഓവർ ഉൾപ്പെടെ 3050 വീടുകൾ അനുവദിച്ചതിൽ 2000 - ൽപരം വീടുകൾ പൂർത്തീകരിച്ചു.<br>2. ഭൂരഹിതരായ 1717 കുടുംബങ്ങൾക്ക് കണ്ണൂർ ആറളം ഫാമിൽ ഒരേക്കർ വീതം ഭൂമി നൽകുകയും പുനരധിവാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടു |

| | |
|---|---|
| | ത്തുകയുമുണ്ടായി.<br>3. വകുപ്പിന്റെ കോർപ്പസ് ഫണ്ട് മാത്രം വിനിയോഗിച്ച് 105 കോളനികളുടെ വൈദ്യുതീകരണം<br>4. 2.03 കോടി വിനിയോഗിച്ച് ഇടുക്കി ജില്ലയിലെ 9 കോളനികളിലെ കുടിവെള്ള പദ്ധതി<br>5. കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിച്ച 5 കോടി രൂപ വിനിയോഗിച്ച് 100 - ലീപരം പട്ടിക വർഗ്ഗ ഹോസ്റ്റലുകളുടെ നവീകരണം<br>6. പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം 1111 വീടുകളുടെ നിർമ്മാണം<br>7. 10 കോടി രൂപ വിനിയോഗിച്ചുള്ള സമ്പൂർണ്ണ ആരോഗ്യ സുരക്ഷാ പദ്ധതി<br>8. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ സമഗ്ര വികസനത്തിനായുള്ള 10 കോടി രൂപയുടെ പദ്ധതി<br>9. 33,670 പേർക്ക് ചികിത്സാ ധന സഹായം നൽകൽ<br>10. 242 പട്ടിക വർഗ്ഗ യുവതികളുടെ വിവാഹത്തിന് 10,000/- രൂപ വീതം ധന സഹായം<br>11. പട്ടിക വർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ 5 കോടി രൂപ വിനിയോഗിച്ച് 3417 കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾ<br>12. കോട്ടയം നഴ്സിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് 175 ലക്ഷം രൂപ അനുവദിച്ചു.<br>13. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നിലവിലുള്ള നിരക്കിന്റെ 50 ശതമാനം വർദ്ധിപ്പിച്ചു. |

| | |
|---|---|
| | 14. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതാനുദ്ദേശിച്ചിരിക്കുന്ന 245 കുട്ടികൾക്ക് ഒരു മാസത്തെ പരിശീലന പരിപാടി.<br>15. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ ബോർഡിംഗ് ചാർജ്ജ് വർദ്ധിപ്പിച്ചു. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിർദ്ദേശങ്ങളിൽ അയവു വരുത്തി യോഗ്യതാ പരീക്ഷയുടെ മാർക്കു കൂടെ കണക്കാക്കി മെഡിക്കൽ പ്രവേശനം നൽകിയതു വഴി സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ പ്രവേശനം ഉറപ്പാക്കി.<br>16. ഭവന നിർമ്മാണ നിരക്ക് 75,000/- രൂപയിൽ നിന്നും ഒരു ലക്ഷമായി വർദ്ധിപ്പിച്ചു.<br>17. ആദിവാസികളുടെ വൈദ്യുതി കുടിശ്ശിക എഴുതി തള്ളി.<br>18. ആദിവാസികൾക്കും പരമ്പരാഗത വനവാസികൾക്കും വനാവകാശ നിയമം ഫലപ്രദമായും ത്വരിതഗതിയിലും കേരളത്തിൽ നടപ്പാക്കുന്നതിനുവേണ്ടി കർമ്മ സമിതിയും സ്പെഷ്യൽ ഓഫീസറെയും ചെയർമാനെയും നിയമിച്ചു.<br>19. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുടിശ്ശികയായി നൽകാനുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.53 | 24.06.2008 ൽ മറുപടിയ്ക്ക്

## കാർഷികമേഖലയിലെ യന്ത്രവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ<br>ശ്രീ.കെ.പി.മോഹനൻ<br>ശ്രീ.എം.കെ.പ്രേംനാഥ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷികമേഖലയിലെ യന്ത്രവൽക്കരണ പരിപാടികളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പുരോഗതി വ്യക്തമാക്കുമോ ; | എ) കാർഷികമേഖലയിലെ യന്ത്രവൽക്കരണത്തിനായി താഴെ വിവരിക്കും വിധം 158 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | ഭൗതികം | സാമ്പത്തികം രൂപ |
|---|---|---|
| 1) ട്രാക്ടർ | 4 | 1,01,184 |
| 2) പവർ ടില്ലർ | 73 | 20,12,671 |
| 3) ഗാർഡൻ ട്രില്ലർ | 1 | 9,400 |
| 4) സെൽഫ് പ്രൊപ്പൽഡ് റീപ്പർ പാഡി ട്രാൻസ് പ്ലാന്റർ | 44 | 4,35,332 |
| 5) സ്പെഷ്യലൈസ്ഡ് പവർ ഡ്രിവൻ എക്യുപ്മെന്റ് | 219 | 10,57,870 |
| 6) മാനുവലി ഓപ്പറേറ്റഡ് എക്യുപ്മെന്റ് | 843 | 5,66,649 |
| 7) പവർ ഡ്രിവൻ എക്യുപ്മെന്റ് | 98 | 5,88,249 |
| 8) പവർ ത്രഷർ | 7 | 32,625 |
| 9) പ്ലാന്റ് പ്രൊട്ടക്ഷൻ എക്യുപ്മെന്റ് | 2,133 | 12,31,377 |
| 10) ഡീസൽ, കറന്റ് പമ്പ്സെറ്റ് | 3,662 | 96,13,634 |
| 11) ജെൻഡർ ഫ്രെൻഡിലി എക്യുപ്മെന്റ് | 261 | 1,71,318 |
| മൊത്തം | | 1,58,20,309 |

ഇതിൻപ്രകാരം കർഷകർക്കാവശ്യമായ യന്ത്രങ്ങൾ/ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് സർക്കാർ സഹായം ചെയ്യിട്ടുണ്ട്. ഇതുകൂടാതെ ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി പാലക്കാട്, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ബി) കാർഷികമേഖലയിലെ യന്ത്രവൽക്കരണം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

ബി) കൃഷി ലാഭകരമാക്കുന്നതിന് സഹായകരമാകും വിധം ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലവസരം ഉറപ്പുവരുത്തികൊണ്ട് തന്നെ സംസ്ഥാനത്തിന് അനുയോജ്യമായ വിധത്തിൽ കാർഷികമേഖലയിൽയന്ത്രവൽക്കരണം നടപ്പിൽ വരുത്തുകയെന്നതാണ് നിലപാട്.

സി) കാർഷികമേഖലയിലെ യന്ത്രവൽക്കരണം ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്?

സി) കർഷകർക്കാവശ്യമായ യന്ത്രങ്ങൾ/ ഉപകരണങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ വാങ്ങുവാൻ ഗവൺമെന്റ് ഓഫ് ഇൻഡ്യാ സ്കീമിൽ 3 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്

കാർഷികമേഖലയിലെ യന്ത്രവൽക്കരണം ഊർജ്ജിതപ്പെടുത്തുന്നതിന് ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകൾ കേന്ദ്രീകരിച്ച് അഗ്രോ എഞ്ചിനീയറിംഗ് സർവ്വീസ് (കസ്റ്റം ഹയറിംഗ് കം സർവ്വീസ് സെന്റർ) റെയ്ഡ്കോ, കെയ്കോ എന്നീ സ്ഥാപനങ്ങൾ വഴി തുടങ്ങുവാൻ തീരുമാനമായിട്ടുണ്ട് കൃഷി വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ അഗ്രോ എഞ്ചിനീയറിംഗ് സർവ്വീസ് (കസ്റ്റം ഹയറിംഗ് കം സർവ്വീസ് സെന്റർ) തുടങ്ങുവാനും തീരുമാനമായിട്ടുണ്ട്. ഈ സെന്ററുകളിൽ കർഷകർക്കാവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുവാനും കർഷകതൊഴിലാളികൾക്ക് യന്ത്രങ്ങളുടെ പ്രവർത്തനത്തിൽ പരിശീലനം നൽകുവാനും നൂതന യന്ത്രങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കുവാനും വിഭാവന ചെയ്യുന്നു. ഇതിനാവശ്യമായ 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

3

പുതിയ 20 കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങുവാനും ത്രിതല പഞ്ചായത്തുകളിൽ ഉപയോഗശൂന്യമായി കിടക്കുന്ന യന്ത്രങ്ങൾ റിപ്പയർ ചെയ്യുവാനുമുള്ള മറ്റൊരു പദ്ധതി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കർഷകർക്കാവശ്യമായ കൊയ്ത്തുമെതിയന്ത്രങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് ആവശ്യാനുസരണം കൊണ്ടു വന്ന് കർഷകർക്ക് നൽകുവാനും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ത്രിതല പഞ്ചായത്തുമായി സഹകരിച്ച് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് 40 ലക്ഷം രൂപയും പൊക്കാളി കൃഷിക്കുപയുക്തമായ കൊയ്ത്തു മെതിയന്ത്രം രൂപപ്പെടുത്തുന്നതിനുമായി കാംകോയ്ക്ക് 10 ലക്ഷം രൂപയും ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ കേരളത്തിന് യോജിച്ച കാർഷികോപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിനായി 300 ലക്ഷം രൂപയുടെ മറ്റൊരു പുതിയ പദ്ധതിയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

Raymond

സെക്ഷൻ ഓഫീസർ.

S
23/6

— —

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 54</u> — 24/6/2008-ൽ മറുപടിക്ക്

<u>ഭക്ഷ്യ സുരക്ഷാ പദ്ധതി</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. ഷാജു. | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു. കൃഷി വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;<br><br>ബി) ഈ പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ പ്രത്യേകമായി ഏറ്റെടുത്തിട്ടുള്ളത് ; | എ) & ബി) | കേരളത്തിലെ പാലക്കാട് ജില്ലയെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്) നടപ്പിലാക്കുന്നതിന് വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. 195.67 ലക്ഷം രൂപയുള്ള ഒരു കർമ്മ പദ്ധതി രേഖ തയ്യാറാക്കി കേരളം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| സി) തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ വൻതുകകൾ ഭക്ഷ്യസുരക്ഷാ പദ്ധതിയ്ക്കായി മാറ്റിയപ്പോൾ അത്തരം നടപടികൾ കേരളത്തിൽ ഉണ്ടാകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ? | സി) | 195.67 ലക്ഷം രൂപയുടെ കർമ്മ പദ്ധതിയാണ് കേരളത്തിൽ പാലക്കാട് ജില്ലക്ക് വേണ്ടി സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ചതെങ്കിലും 188.850 ലക്ഷം രൂപയാണ് അംഗീകരിച്ചത്. ഇതനുസരിച്ചുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ഉൾപ്പെടെയുള്ള തൃശ്ശൂർ കോൾ മേഖല, സമഗ്ര കുട്ടനാട് എന്നിവിടങ്ങൾ കൂടി ഉൾപ്പെടുത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടെങ്കിലും കേന്ദ്രം അനുവദിക്കാൻ കഴിയില്ലെന്ന് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ട്. |

ഡി) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ചെയർമാൻ ഉൾപ്പെടെയുള്ള കമ്മിറ്റിയുടെ ഘടന എന്തെന്ന് വ്യക്തമാക്കുമോ ?

ഡി) കേന്ദ്ര സർക്കാരന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ സംസ്ഥാനതല കമ്മിറ്റിയുടെ നിർദ്ദിഷ്ട ഘടന ഇപ്രകാരമാണ്.

ചീഫ് സെക്രട്ടറി - ചെയർമാൻ
സെക്രട്ടറി (കൃഷി) - മെമ്പർ
സെക്രട്ടറി (ജലവിഭവം) - ,,
സെക്രട്ടറി (ഊർജ്ജം) - ,,
കാർഷികസർവ്വകലാശാല
വൈസ് ചാൻസ്ലർ - ,,
ഡയറക്ടർ/
പ്രോജക്റ്റ് ഡയറക്ടർ - ,,
ഐ.സി.എ.ആർ
ലീഡ് ബാങ്ക് പ്രതിനിധി - ,,
സ്റ്റേറ്റ് മിഷൻ ഡയറക്ടർ
- മെമ്പർ സെക്രട്ടറി

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ-55 — 24/6/2008-ൽ മറുപടിയ്ക്ക്.

## തടവുകാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

ചോദ്യം — ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
(ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

ശ്രീ. എ.എം.ആരിഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി ജയരാജൻ:
ശ്രീ.എം.പ്രകാശൻ മാസ്റ്റർ:
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:

| | |
|---|---|
| (എ). തടവുകാരുടെ മാനസിക പരിവർത്തനത്തിനും ഇവർക്ക് തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ). തടവുകാർക്ക് തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനായും അവർ ജയിൽ മോചിതരാവുമ്പോൾ ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുമായി പല ജയിലുകളിലുമായി സോപ്പ് നിർമ്മാണം തേനീച്ച വളർത്തൽ, നെൽകൃഷി, റബ്ബർ ടാപ്പിംഗ്, കൂൺ വളർത്തൽ, കമ്പ്യൂട്ടർ വിദ്യാഭ്യാസം, ഡയറിഫാം മുതലായവ ആരംഭിക്കുകയും അവയിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നുണ്ട്. തടവുകാരുടെ മാനസിക പരിവർത്തനത്തിനും പിരിമുറുക്കം ഒഴിവാക്കുന്നതിനും ഇവ സഹായിക്കുന്നു.<br>കൂടാതെ സോഷ്യൽ ഗാതറിംഗ് ആൻറ് എന്റർടെയിൻമെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി എല്ലാ മെയിൻ ജയിലുകളിലും ജയിൽ ദിനാഘോഷപരിപാടികൾ, നാടകം, ഗാനമേള, സ്പോർട്ട്സ് തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. തടവുകാർക്ക് വിനോദത്തിനും മാനസികപരിവർത്തനത്തിനുമായി ടെലിവിഷൻ സെറ്റുകൾ, കായിക വിനോദ ഉപകരണങ്ങൾ എന്നിവ നല്കുകയുണ്ടായി. വായനാശീലവും വിജ്ഞാനവും വർദ്ധിപ്പിക്കുന്നതിന് ലൈബ്രറി സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെപത്രമാദ്ധ്യമങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയും നല്കി വരുന്നു. അവരുടെ ആദ്ധ്യാത്മിക ഉന്നമനത്തിനായി ധാർമ്മികോപദേശ ക്ലാസുകളും യോഗ, മെഡിറ്റേഷൻ ക്ലാസ്സുകളും വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്താൽ നടത്തിവരുന്നുണ്ട്. |
| (ബി). ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് ജയിൽ വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി). 2008-2009 സാമ്പത്തിക വർഷത്തിലും തടവുകാരുടെ ക്ഷേമം പദ്ധതിയിലുൾപ്പെടുത്തി തടവുകാരുടെ മാനസിക പരിവർത്തനത്തിനും തൊഴിൽ വൈദഗ്ദ്ധ്യം നല്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ |

| | |
|---|---|
| | സോപ്പ് നിർമ്മാണ യൂണിറ്റ്, തിരുവനന്തപുരം സെൻട്രൽ ജയിലിൽ ബ്രഡ് നിർമ്മാണ യൂണിറ്റ്, ചീമേനി തുറന്ന ജയിലിൽ തേനീച്ച വളർത്തൽ, വിയ്യൂർ സെൻട്രൽ ജയിലിൽ പബ്ലിക് അഡ്രസ്സ് സംവിധാനം , ഡയറി ഫാം നിർമ്മാണം, വിനോദോപാധികളായ ടെലിവിഷൻ, എഫ് .എം. റേഡിയോ തുടങ്ങിയവ അനുവദിക്കൽ , സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ മേസണറി, കാർപ്പെന്ററി, ഹോർട്ടികൾച്ചർ എന്നിവ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രധാന ജയിലുകളിൽ തടവുകാർക്ക് കുടുംബാംഗങ്ങളുമായി നേരിട്ടു ബന്ധപ്പെടാനുള്ള പ്രത്യേക ടെലഫോൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി). തടവുകാരെ മോചിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിന് ഏതെല്ലാം സമിതികളാണ് ഈ സർക്കാർ രൂപീകരിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (സി). ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ഡി). ഈ സമിതികളുടെ ശുപാർശ പ്രകാരം എത്ര തടവുകാരെ ഇതിനകം ജയിലിൽനിന്നും മോചിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി). ജയിൽ ഉപദേശക സമിതിയുടെ ശുപാർശപ്രകാരം 46 തടവുകാരെ ഇതിനകം ജയിലിൽ നിന്ന് മോചിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.

അനുബന്ധം

സി) കേരളാ പ്രിസൺസ് റൂൾ 543 പ്രകാരമുള്ള ജയിൽ ഉപദേശകസമതിയും പ്രിസൺ റിവ്യൂ കമ്മിറ്റിയുമാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തടവുകാരുടെ മോചനം സംബന്ധിച്ച് കാര്യം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സമിതികൾ .

ജയിൽ ഉപദേശകസമിതിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ

ജയിൽ വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ( ചെയർമാൻ), ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് ( സെക്രട്ടറി ), ബന്ധപ്പെട്ട ജില്ലാ കലക്ടർ, സെഷൻസ് ജഡ്ജ്, പോലീസ് സൂപ്രണ്ട്, ജില്ലാ പ്രൊബേഷൻ ആഫീസർ, സർക്കാർ നിയോഗിക്കുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ എന്നിവരാണ് ജയിൽ ഉപദേശക സമിതിയിലെ അംഗങ്ങൾ,

ജയിൽ ഉപദേശക സമിതി ആറു മാസത്തിലൊരിക്കൽ കൂടുകയും താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി തടവുകാരുടെ കേസുകൾകോടതി വിധി പകർപ്പ് ജില്ലാ പോലീസ് സൂപ്രണ്ടിൻെറയും, പ്രൊബേഷൻ ഓഫീസറുടേയും റിപ്പോർട്ടുകൾ, ജയിൽ സൂപ്രണ്ടിൻെറ അഭിപ്രായം തുടങ്ങിയവ പരിശോധിച്ച് തടവുകാരുടെ മോചനത്തിനായി സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതാണ് .

കുഞ്ഞുങ്ങളെ കൊലചെയ്ത് ശിക്ഷിക്കപ്പെട്ട സ്ത്രീകളുടേയും, സാമൂഹികവും സംസ്ക്കാരികവുമായ സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടു് ശിക്ഷിക്കപ്പെട്ട സ്ത്രീകളുടെയും, കേസ്സുകൾ പരിശോധിച്ച് അവർ ജയിലിൽ പ്രവേശിപ്പിക്കപ്പെട്ടാൽ ഉടനെ തന്നെ ഉചിതമായ ഒരു കാലയളവ് വരെ അവരെ സൽപേരുള്ള സന്നദ്ധസംഘടനകളുടെ സംരക്ഷണത്തിൽ അയക്കുന്നതിനു് ശുപാർശ ചെയ്യാവുന്നതാണ്. ക്രമിനൽ നടപടി ക്രമം വകുപ്പ് 433 എ യുടെ പരിധിയിൽ വരാത്ത ജീവപര്യന്തക്കാരായ സ്ത്രീകളുടെ കേസുകൾ ശിക്ഷായിളവ് അടക്കം 7 വർഷം ശിക്ഷ പൂർത്തിയാക്കിയാൽ പരിശോധിക്കാവുന്നതാണ്. എന്നാൽ ഇത്തരം പുരുഷ തടവുകാർ ശിക്ഷായിളവ് അടക്കം 10 വർഷം ശിക്ഷ പൂർത്തിയായിരിക്കണം. ( വധ ശിക്ഷ വിധിക്കപ്പെടാവുന്ന വകുപ്പുകൾ പ്രകാരം

ജീവപര്യന്തം ശിക്ഷക്കപ്പെട്ടവരും വധ ശിക്ഷ ജീവപര്യന്തമായി കുറവ് ചെയ്യപ്പെട്ടവരും യഥാർത്ഥ ശിക്ഷ 14 വർഷം പൂർത്തിയാക്കിയാൽ മാത്രമേ ജയിൽ ഉപദേശക സമിതിക്ക് അത്തരക്കാരുടെ കേസ്സുകൾ മോചനത്തിനായി ശുപാർശ ചെയ്യുന്നതിന് പരിഗണിക്കാൻ കഴിയുകയുള്ളു).

ജീവപര്യന്തക്കാരല്ലാത്ത ഒരു വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട പുരുഷ തടവുകാർ ശിക്ഷായിളവ് അടക്കം അടിസ്ഥാനശിക്ഷയുടെ പകുതിയും കുറഞ്ഞത് ഒരു വർഷമെങ്കിലും ശിക്ഷ അനുഭവിച്ചിരിക്കണം. ഇത്തരക്കാരായ സ്ത്രീ തടവുകാർ ശിക്ഷാ.യിളവ് അടക്കം ശിക്ഷയുടെ പകുതിയോ ഏഴു വർഷമോ ഇതിൽ ഏതാണോ കുറവ് അത്രയും ശിക്ഷ അനുഭവിച്ചിരിക്കണം. കുറഞ്ഞത് ഇളവ് അടക്കം ഒരു വർഷം ശിക്ഷ അനുഭവിച്ചിരിക്കണം. ജീവപര്യന്തക്കാരല്ലാത്ത 65 വയസ്സ് പൂർത്തിയായവരും അംഗവൈകല്യം സംഭവിച്ച തടവുകാരും( ഒരു വർഷവും അതിലുമേലിലും ശിക്ഷിക്കപ്പെട്ടവർ) ശിക്ഷായിളവടക്കം ശിക്ഷയുടെ മൂന്നിലൊന്നും, കുറഞ്ഞത് ഒരു വർഷം ശിക്ഷയും അനുഭവിച്ചാൽ മതിയാകും. ഇത്തരം തടവുകാരുടെ മോചനം സംബന്ധിച്ച് ശുപാർശ ചെയ്യാൻ ജയിൽ ഉപദേശകസമിതിക്ക് അധികാരമുണ്ട്.

ജി ഒ.(എം.എസ്) 171/ 2006 ആഭ്യന്തരം, തിയതി 7.12.2006, ജി ഒ.(എം.എസ്) 188/ 2006 അഭ്യന്തരം തീയതി 9.11.2006, ജി ഒ.(എം.എസ്) 214/ 2006 ആഭ്യന്തരം തീയതി 7.12.2006, ജി ഒ.(എം.എസ്) 154/ 2007 ആഭ്യന്തരം തീയതി 5.7.2007 എന്നി ഉത്തരവുകൾ പ്രകാരമാണ് പ്രിസൺ റിവ്യൂ കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുള്ളത്. യഥാർത്ഥ ശിക്ഷ 14 വർഷം പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരുടെ മോചനം സംബന്ധിച്ച ശുപാർശ നൽകുന്നതിനാണ് പ്രിസൺ റിവ്യൂ കമ്മിറ്റിക്ക് അധികാരം ഉള്ളത്. പ്രിസൺ റിവ്യൂ കമ്മിറ്റി താഴെ പറയുന്ന വിഭാഗത്തിൽപ്പെടാത്ത ജീവപര്യന്തം തടവുകാരുടെ കേസ്സുകൾ പരിശോധിച്ചാണ് ശുപാർശ നൽകേണ്ടത്. വാടക കൊലയാളികളുടെയും, കൊലപാതകങ്ങൾ തൊഴിലാക്കിയവരുടെയും, ജാതിയുടെയും മതത്തിന്റേയും വർഗ്ഗീയതയുടെയും പേരിൽ കൊലപാതകം നടത്തിയിട്ടുള്ളവരുടേയും, ദേശ സുരക്ഷക്ക് എതിരായി കുറ്റം ചെയ്തവരും കള്ളക്കടത്തുമായി ബന്ധപ്പെട്ട കൊല നടത്തിയവരും, ജയിൽ സന്ദർശകർ, ജയിൽ ഉദ്യോഗസ്ഥർ, ഔദ്യോഗിക കൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ കൊലപ്പെടുത്തിയവർ, പരോൾ വ്യവസ്ഥകൾ മന:പൂർവ്വം ലംഘിച്ചവർ, സ്ത്രീകളേയും കുട്ടികളേയും ലൈംഗിക പീഡനത്തെ തുടർന്നും, കരുതിക്കൂട്ടിയും കൊല ചെയ്തവർ, മയക്കു മരുന്നു നിരോധനനിയമ പ്രകാരം ശിക്ഷിക്കപ്പെട്ടവർ എന്നിവരുടെ കേസ്സുകൾ പ്രിസൺ റിവ്യൂ കമ്മിറ്റിക്ക് പരിശോധിച്ച് ശുപാർശ നൽകാൻ അധികാരമില്ല.

ഹൈക്കോടതി ജഡ്ജി ശ്രീ. റ്റി വി രാമകൃഷ്ണൻ അദ്ധ്യക്ഷനായി ആഭ്യന്തരവകുപപ് അഡീഷണൽ ചീഫ് സെക്രട്ടറി നിയമവകുപ്പ് സെക്രട്ടറി, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്), അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (അഡ്മിനിസ് ട്രേഷൻ , പൊലീസ് ഹെഡ് ക്വാർട്ടേഴ്സ്), സാമൂഹ്യ ക്ഷേമ വകുപ്പ് ഡയറക്ടർ, കുറ്റശാസ്ത്രത്തിൽ അവഗാഹമുള്ള പോലീസ് വകുപ്പിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു വ്യക്തി എന്നിവർ അംഗങ്ങളായിട്ടുമാണ് പ്രിസൺ റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

പ്രിസൺ റിവ്യൂ കമ്മിറ്റി രൂപീകരിച്ചുവെങ്കിലും പ്രസ്തുത കമ്മിറ്റി അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതേയുള്ളൂ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 56

24.06.2008-ലെ മറുപടിയ്ക്ക്

## സംയോജിത കേരവികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ.സി. രാജഗോപാലൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) സംയോജിത കേരവികസന പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

എ) 'തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ, രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റൽ, ജൈവവള ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ ഘടകങ്ങൾ 2007-08 വർഷം നടപ്പിലാക്കിയിട്ടുണ്ട്. 2008-09 വർഷം ഈ പദ്ധതി പ്രകാരമുള്ള പ്രദർശനതോട്ടം സ്ഥാപിക്കലിന്റെ 2-ാം വർഷ ധനസഹായം കൃഷി വകുപ്പു വഴിയും മറ്റു ഘടകങ്ങൾ നാളികേര വികസന ബോർഡ് നേരിട്ടും നടപ്പാക്കുന്നു. കൂടാതെ സംസ്ഥാനത്ത് കേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'കേരശ്രീ' എന്ന പദ്ധതി 2007-08 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വാർഡു തലത്തിൽ 25-50 ഹെക്ടർ സ്ഥലത്തായി കേര ഗ്രൂപ്പുകൾ രൂപീകരിച്ചാണ് കേരവികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നത്.

ഈ പദ്ധതിയിൻകീഴിൽ ഈ വർഷം 230 പുതിയ കേരശ്രീ ഗ്രൂപ്പുകൾ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകൾക്ക് അനുവദി ക്കുകയും 287.5 ലക്ഷം രൂപ വകയിരുത്തു കയും ചെയ്തിട്ടുണ്ട്.

ബി) രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റു ന്നതിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

ബി) നാളികേര വികസന ബോർഡിന്റെ ധന സഹായത്തോടെ നടപ്പാക്കിയിട്ടുള്ള തെങ്ങു കൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതി കൾ എന്ന പദ്ധതിയിൽ കാറ്റുവീഴ്ച രോഗം രൂക്ഷമായ തെങ്ങുകൾ വെട്ടിമാറ്റാൻ തെങ്ങൊന്നിന് 250/- രൂപ ധനസഹായം നൽകി 2007-08 ൽ 25,000 തെങ്ങുകൾ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ വെട്ടിമാറ്റിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പ്രധാന വിത്തുതേങ്ങ സംഭരണ പ്രദേശങ്ങളായ തൂണേരി, കുന്നുമ്മേൽ എന്നീ ബ്ലോക്കുകളിൽ കൂമ്പുചീയൽ രോഗ നിയന്ത്ര ണത്തിനായി 337.50 ലക്ഷം രൂപയുടെ ഒരു പ്രത്യേക സംസ്ഥാന പദ്ധതി നടപ്പിലാക്കി വരുന്നു. കൂമ്പുചീയൽ രോഗം രൂക്ഷമായി ബാധിച്ച തെങ്ങുകൾ വെട്ടി നശിപ്പിക്കാൻ തെങ്ങൊന്നിന് 500/- രൂപ ധനസഹായം നൽകി 36250 തെങ്ങുകൾ വെട്ടിമാറ്റി ക്കഴിഞ്ഞു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ 33000 കൂമ്പുചീയൽ ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500/- രൂപ പ്രകാരം ധന സഹായം നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) രോഗ പ്രതിരോധ ശേഷിയുള്ള തെങ്ങിൻ തൈകൾ കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | സി) ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പിന്റെ തെങ്ങിൻ തൈ നഴ്സറികളിലും ഫാമുകളിലും വളർത്തി ഉല്പാദന ചിലവിനെക്കാൾ കുറഞ്ഞ നിരക്കിലാണ് വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. 2008-09 വർഷം 9 ലക്ഷം തെങ്ങിൻ തൈകൾ വിതരണത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. താഴെ പറയുന്ന നിരക്കിലാണ് കൃഷിക്കാർക്ക് തെങ്ങിൻ തൈകൾ വിതരണം നടത്തുന്നത്.<br><br>ഡബ്ല്യൂ.സി.റ്റി. - 30 രൂപ<br>സങ്കരയിനം - 35 രൂപ<br>എലൈറ്റ് തെങ്ങിൻ തൈകൾ - 30 രൂപ<br>എം.വൈ.ഡി. സെഗ്രിഗന്റ് - 20 രൂപ |
| ഡി) നാളികേരത്തിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള താങ്ങുവില എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) 2007-08 സീസണിലേയ്ക്കായി പച്ചതേങ്ങ ഒന്നിന് 4.40 രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. താങ്ങുവില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 57 | 24.06.2008-ൽ മറുപടിക്ക്

## കുടിയേറ്റ തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എം. മോനായി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ.എം. യൂസഫ് | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. വിവിധ തൊഴിൽ മേഖലകളിൽ നിലനിൽക്കുന്ന കൂടിയ വേതന നിരക്കും സമാധാനപരമായ തൊഴിലന്തരീക്ഷവും അന്യസംസ്ഥാന തൊഴിലാളികളെ കേരളത്തിലേക്ക് ആകർഷിക്കുന്നുണ്ട്. വിവിധ മേഖലകളിൽ അന്യസംസ്ഥാനത്തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെങ്കിലും നിർമ്മാണ പ്രവർത്തന മേഖലയിലാണ് കൂടുതലായി കണ്ടുവരുന്നത്. |
| (ബി) കുടിയേറ്റ തൊഴിലാളികളെ കരാറുകാർ ചൂഷണം ചെയ്യുന്നതു തടയുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യവും മറ്റും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) അഞ്ചോ അതിൽ കൂടുതലോ തൊഴിലാളികൾ ഒരു കരാറുകാരൻ മുഖേന അന്യസംസ്ഥാനത്ത് ജോലിക്കായി എത്തിച്ചേരുമ്പോൾ ഇവർ 1979 ലെ അന്തർസംസ്ഥാന കുടിയേറ്റത്തൊഴിലാളി (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) നിയമത്തിന്റെ പരിധിയിൽ വരികയും ഇവർ പ്രസ്തുത നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹരായി തീരുകയും ചെയ്യുന്നു. എന്നാൽ നിയമപ്രകാരമല്ലാതെയും സ്വമേധയായും ജോലിക്കായി എത്തിച്ചേരുന്ന തൊഴിലാളികളും ഉണ്ട്. ഇവർക്ക് മേൽ നിയമത്തിന്റെ പരിരക്ഷ ലഭിക്കില്ലെങ്കിലും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് വരുന്ന മിനിമം വേതന നിയമം ഉൾപ്പെടെയുള്ള എല്ലാ തൊഴിൽ നിയമങ്ങളുടേയും പരിരക്ഷ ലഭിക്കുന്നുണ്ട് എന്ന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനയിൽ ഉറപ്പുവരുത്താറുണ്ട്. കൂടാതെ, തൊഴിലാളികൾക്ക് താമസത്തിനും മറ്റ് പ്രാഥമിക ആവശ്യങ്ങൾക്കുമുള്ള സൗകര്യം ഉറപ്പു വരുത്തുകയും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ അടിയന്തിരമായി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട തൊഴിലുടമയ്ക്കും കോൺട്രാക്ടർക്കും നിർദ്ദേശം നൽകുകയും അവ പരിഹരിച്ചുവെന്ന് തുടർ പരിശോധന നടത്തി ഉറപ്പു വരുത്തുകയും ചെയ്തു വരുന്നു. |

| | | |
|---|---|---|
| (സി) കുടിയേറ്റ തൊഴിലാളികളോടൊപ്പം വരുന്ന കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നതു തടയാൻ നടപടി സ്വീകരിക്കുമോ; | (സി) | അന്തർ സംസ്ഥാന കുടിയേറ്റത്തൊഴിലാളികൾ കുടുംബത്തോടെ ജോലിക്കായി എത്തിച്ചേരുമ്പോൾ അവരുടെ കുട്ടികൾ തൊഴിലാളികളായിട്ടല്ലായെങ്കിലും മാതാപിതാക്കളെ/രക്ഷകർത്താക്കളെ സഹായിക്കുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ഈ മേഖലകളിൽ നടത്തുന്ന പരിശോധനകളിൽ ബാലവേല ശ്രദ്ധയിൽപ്പെട്ടാൽ ബാലവേല നിരോധന നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ വിവരം രജിസ്റ്റർ ചെയ്യുന്നതിന് സംവിധാനം ഉണ്ടോയെന്നറിയിക്കുമോ? | (ഡി) | ഇപ്പോൾ നിലവിലില്ല. എന്നാൽ ഈ വിഭാഗം തൊഴിലാളികളുടെ എണ്ണവും മറ്റു വിവരങ്ങളും ഒരു സർവെയിലൂടെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 58. 24.6.2008 -ൽ മറുപടിക്ക്

ഹവാല പണമിടപാട് തടയുന്നതിനുള്ള നടപടികൾ

ചോദ്യം:

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി.
ശ്രീ. വി.എൻ. വാസവൻ.
ശ്രീ. വി. ശശികുമാർ.
ശ്രീ. സാജു പോൾ.
പ്രൊഫ. സി. രവീന്ദ്രനാഥ്.

ഉത്തരം.:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ,
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) ഹവാല പണമിടപാട് തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(എ) എറണാകുളം IGP ശ്രീ. വിൻസൺ. എം.പോൾ -ൻെറ നേതൃത്വത്തിൽ ശ്രീ. വിജയൻ, എസ്.പി, മലപ്പുറം, ശ്രീ. എം.ആർ. അജിത്കുമാർ, എസ്.പി., കൊല്ലം എന്നിവരടങ്ങുന്ന ഒരു ഉന്നത തല സ്പെഷ്യൽ സംഘത്തെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട ക്രൈം കേസുകളുടെ അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഒരു എസ്.പി., രണ്ടു ഡി.വൈ.എസ്.പി. മാർ, 7 സർക്കിൾ ഇൻസ്പെക്ടർമാർ എന്നിവരെ കൂടി ഉന്നത തല സ്പെഷ്യൽ സംഘത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എ.ഡി.ജി.പി (ഇന്റലിജൻസ്) ന്റെ നേതൃത്വത്തിൽ അഡീ. ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്), ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഐ.എസ്സ്.),

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) എന്നിവരടങ്ങുന്ന ഒരു സംസ്ഥാനതല ഹവാല നിരീക്ഷണസെല്ലും രൂപീകരിച്ചിട്ടുണ്ട്. ഡി.വൈ.എസ്.പി./ അസിസ്റ്റന്റ് കമ്മീഷണർ ക്രൈം ഡിറ്റാച്ച് മെൻറ് -ൻെറ നേതൃത്വത്തിൽ ജില്ലാതല അന്വേഷണ യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം നാളിതുവരെ ഹവാല പണമിടപാടുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര ഹവാല പണം പിടികൂടിയിട്ടുണ്ട്; | : | (ബി) 29 (ഇരുപത്തി ഒൻപത്) ഹവാല കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിൽ നിന്ന് ആകെ 61103970/- (ആറുകോടി പതിനൊന്നുലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി എഴുപത്) രൂപ പിടികൂടിയിട്ടുണ്ട്. |
| (സി) | ഹവാല പണത്തിൻെറ ഉറവിടവും വിനിയോഗവും സംബന്ധിച്ച് പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | : | (സി) ഹവാല പണമിടപാടുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി സർക്കാർ രൂപീകരിച്ച ഉന്നതതല സ്പെഷ്യൽ സംഘം, ജില്ലാ തലത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്, സ്റ്റേറ്റ് ലെവൽ ഹവാല മോണിറ്ററിംഗ് സെൽ എന്നിവയുടെ അന്വേഷണപരിധിയിൽ ഹവാല പണമിടപാടിൻെറ |

ഉറവിടവും വിനിയോഗവും ഉൾപ്പെടുന്നുണ്ട്.

(ഡി) വ്യാജ ആത്മീയതയുടെ മറവിൽ രൂപീകരിച്ച ട്രസ്റ്റുകൾക്ക് വിദേശത്തു നിന്നും വൻതോതിൽ ഫണ്ടുകൾ ലഭിക്കുന്നുവെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) വ്യാജ ആത്മീയത നിർവ്വചിക്കാൻ സാധ്യമല്ല. ആദ്ധ്യാത്മികതയുടെ പേരിൽ പ്രവർത്തിക്കുന്ന വ്യക്തികൾ ട്രസ്റ്റുകൾ രൂപീകരിച്ച് ധനശേഖരണം നടത്തി അത് ദുരുപയോഗം ചെയ്ത് വസ്തു ഇടപാടുകളും മറ്റും നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:59 — 24-06-2008-ൽ മറുപടിക്ക്

## ആദിവാസികൾക്ക് നൽകിയ ഭൂമി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ ജോർജ്ജ് മേഴ്സിയർ<br>ശ്രീ കെ. അച്ചുതൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.എ. കെ. ബാലൻ<br>(ബഹു. പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ | ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ശേഷം ഇതുവരെ എത്ര ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുകയുണ്ടായി ; എത്ര ഏക്കർ ഭൂമി വീതമാണ് ഇങ്ങനെ നൽകിയത് ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടയം, കൈവശാവകാശ രേഖ എന്നിവ നൽകിയതടക്കം 7037 ആദിവാസി കുടുംബങ്ങൾക്ക് ഒട്ടാകെ 9287.40 ഏക്കർ ഭൂമി വിതരണം ചെയ്തു. |
| ബി | ഭൂമി ലഭിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്ത് ഇപ്പോൾ എവിടെയെല്ലാം ആദിവാസികൾ കുടിലു കെട്ടി സമരം നടത്തുന്നുണ്ട്, | സംസ്ഥാനത്ത് 20 സ്ഥലങ്ങളിൽ ആദിവാസികൾ കുടിൽ കെട്ടി സമരം നടത്തുന്നുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി | സമരം നടത്തുന്ന ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | 20-07-02 -ലെ സർക്കാർ ഉത്തരവ് (പി) നമ്പർ: 41/2002/ പജ്ഞ.പവ. വിവ.-യിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുനരധിവാസത്തിനായി ഭൂമി വിതരണം നടത്തുന്നതിന് ഭൂരഹിത കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭൂരഹിതരായ എല്ലാ കുടുംബങ്ങൾക്കും ഭൂമി വിതരണം നടത്തുന്നതാണ്. |
| ഡി | സമരം നടത്തുന്ന ആദിവാസികളെ ഒഴിപ്പിക്കാൻ ബഹു: ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇതിൻെറ അടിസ്ഥാനത്തിൽ സമരക്കാരുമായി ഗവൺമെൻറ് എന്തൊക്കെ ചർച്ചകൾ നടത്തി എന്നറിയിക്കാമോ ? | ഇപ്പോൾ സമരം നടത്തുന്ന ആദിവാസികളെ ഒഴിപ്പിക്കാൻ കോടതി നിർദ്ദേശം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ആദിവാസികൾ കുടിൽ കെട്ടി സമരം നടത്തുന്ന സ്ഥലങ്ങൾ

| ജില്ല | സ്ഥലങ്ങൾ |
|---|---|
| തിരുവനന്തപുരം | ചെറ്റച്ചൽ |
| ഇടുക്കി | ചിന്നക്കനാൽ വില്ലേജിൽ വിലക്ക് എന്ന ഭാഗത്ത് |
| പാലക്കാട് | നെല്ലിയാമ്പതി |
| വയനാട് | പനവല്ലി, ഗോദാവരി, എടത്തുണ്ടം, പോറളം, തേറ്റമല, പെരിങ്കുളം, നെല്ലിക്കച്ചാൽ, വെങ്കലംകുന്ന്, അപ്പാട്, C.C.അപ്പാട്, മരിയനാട്, മുട്ടിൽമല, പമ്പമി, കൈരളി ജയ്ഹിന്ദ്, പുത്തൂർവയൽ കല്ലൂവയൽ, ഇട്ടിയംവയൽ, കുട്ടിയംവയൽ. |

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 60 — 24-06-2008-ൽ മറുപടിയ്ക്ക്

## കശുവണ്ടി വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ<br>ശ്രീ. വി. ജെ. തങ്കപ്പൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. പി. കെ. ഗുരുദാസൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണിയിലേക്ക് കടക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;<br><br>(ബി) ഏതെല്ലാം ഉല്പന്നങ്ങളാണ് വിപണിയിൽ എത്തിക്കുന്നത് ; | ( 'എ' യും 'ബി' യും)<br>കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ വിപണിയിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി കശുവണ്ടിപ്പരിപ്പിൽ നിന്നുള്ള 4 മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം ആരംഭിച്ചു കഴിഞ്ഞു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ (1)കാഷ്യൂ സൂപ്പ്, (2) കാഷ്യൂ പൗഡർ, (3) കാഷ്യൂ വിറ്റ, (4) കാഷ്യൂ ബിറ്റ്സ് എന്നിവയാണ്. ഇവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനത്തിനായി കോർപ്പറേഷന്റെ 1-ാം നമ്പർ കൊട്ടിയം ഫാക്ടറിയിൽ പുതുതായി ഒരു വാല്യൂ അഡീഷൻ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ടി യൂണിറ്റിന്റെ ഔപചാരികമായ ഉദ്ഘാടനവും ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനവും നടന്നു കഴിഞ്ഞിട്ടുള്ളതാണ്. പ്രസ്തുത 4 ഉല്പന്നങ്ങൾക്കും വിപണിയിൽ നല്ല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. ഇതിന്റെ ആഭ്യന്തര വിതരണം സംസ്ഥാനത്ത് ജില്ലാ വിതരണക്കാർ മുഖാന്തിരവും കോർപ്പറേഷൻ ഹെഡ് ഓഫീസിനോടനുബന്ധിച്ചുള്ള ഔട്ട്ലെറ്റ് വഴിയും ത്രിവേണി, സപ്ലൈകോ എന്നിവയുടെ സൂപ്പർ മാർക്കറ്റുകൾ, കെ.റ്റി.ഡി.സി യുടെ തെരഞ്ഞെടുത്ത ഹോട്ടലുകൾ എന്നിവ വഴിയും വിപണനം നടത്തി വരുന്നു. കൂടാതെ സംസ്ഥാനത്തിന് പുറത്ത് ഡിസ്ട്രിബ്യൂട്ടർമാരെ |

നിയമിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഗ്ലോബൽ ലോഞ്ചിംഗ് ദുബായിൽ നടത്തിയിട്ടുള്ളതും തുടർന്ന് അന്വേഷണങ്ങൾ ലഭ്യമായിട്ടുള്ളതുമാണ്.

| | |
|---|---|
| (സി) ഈ ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ ടെക്നോളജി ലഭ്യമായത് എങ്ങനെയാണ് ; | (സി) മൈസൂറിലെ കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CFTRI) എന്ന സ്ഥാപനമാണ് ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിന് ടെക്നോളജി ലഭ്യമാക്കിയത്. |
| (ഡി) പുതിയ ഉല്പന്നങ്ങളോട് ഉപഭോക്താക്കളുടെ പ്രതികരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | (ഡി) ആഭ്യന്തര വിപണിയിൽ നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഉല്പന്നങ്ങൾ സംബന്ധിച്ച് മറ്റുസ്ഥാപനങ്ങളിൽ നിന്നും വിദേശത്തുനിന്നും ധാരാളം അന്വേഷണങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു. |
| (ഇ) ഉല്പന്നങ്ങൾ വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) ഇല്ല. എന്നാൽ ഉല്പാദനം വർദ്ധിച്ചു വരുന്നമുറയ്ക്ക് വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ.